
VOL NO: 09
ISSUE 38
2025 SEPTEMBER 20
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

SIR കേരളത്തിലും!



# ഹൂഥികൾ: ചരിത്രവും വർത്തമാനവും

ഹൂഥികൾ എന്ന പേര് ഇന്ന് ലോകത്തിന് സുപരിചിതമാണ്. പശ്ചിമേഷ്യയെ കണ്ണീരിൽ കുളിപ്പിച്ച തെമ്മാടി രാഷ്ട്രമായ ഇസ്‌റാഈലിനെതിരെ ഒറ്റയ്ക്കും കൂട്ടായും നിർഭയരായി പ്രതികരിക്കുന്ന യെമനി ട്രൈബൽ ഓർഗനൈസേഷനായാണ് ഹൂഥികൾ അറിയപ്പെടുന്നത്. കേവലം ചെറുത്തുനിൽപ് പോരാളികൾ എന്നതിനപ്പുറം സൈദി വിഭാഗത്തിൽപെട്ട ഇവരുടെ വിശ്വാസവും പ്രമാണങ്ങളോടുള്ള സമീപനവും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

ദൈവം, നരകം, യുക്തിവാദികൾ

മൗദൂദിയുടെ ‘സങ്കൽപം’ സമ്പൂർണ ഇസ്‌ലാമോ?

യുവതലമുറയും ലഹരിയും; രക്ഷിതാക്കൾ അറിയേണ്ടത്




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

452

# നേർപഥം

വാരിക

2025 സെപ്തംബർ 20
1447 റബീഉൽ അവ്വൽ 27
പുസ്തകം 09 / ലക്കം 38






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




ശബീബ് സ്വലാഹി

ഹൂഥികൾ എന്ന പേര് ഇന്ന് ലോകത്തിന് സുപരിചിതമാണ്. പശ്ചിമേഷ്യയെ കണ്ണീരിൽ കുളിപ്പിച്ച തെമ്മാടി രാഷ്ട്രമായ ഇസ്‌റാഈലിനെതിരെ ഒറ്റയ്ക്കും കൂട്ടായും നിർഭയരായി പ്രതികരിക്കുന്ന യെമനി ട്രൈബൽ ഓർഗനൈസേഷനായാണ് ഹൂഥികൾ അറിയപ്പെടുന്നത്. കേവലം ചെറുത്തുനിൽപ് പോരാളികൾ എന്നതിനപ്പുറം ശൈദി വിഭാഗത്തിൽ പെട്ട ഇവരുടെ വിശ്വാസവും പ്രമാണങ്ങളോടുള്ള സമീപനവും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.


**05** മുഖമൊഴി
ദൈവം, നരകം, യുക്തിവാദികൾ

**06** പഠനം
ഹദീസുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദങ്ങൾ
ആരിഫ് ബുസ്താനി

**08** കാഴ്ച
എസ്.ഐ.ആർ കേരളത്തിലും!
ടി.കെ അശ്‌റഫ്

**18** ലേഖനം
മൗദൂദിയുടെ 'സങ്കൽപം' സമ്പൂർണ ഇസ്‌ലാമോ?
മൂസ സ്വലാഹി കാര

**22** കർമപഥം
ദീക്ഷാകാലവും ദുഃഖാചരണവും
അബ്ദുൽ ജബ്ബാർ മദീനി

**25** കവിത
ഗസ്സയുടെ മക്കൾ
ആരിഫ പുതുനഗരം

**26** ലേഖനം
യുവതലമുറയും ലഹരിയും; രക്ഷിതാക്കൾ അറിയേണ്ടത്
റോഷൻ പുനലൂർ

**30** നമുക്കുചുറ്റും
രോഗവും രോഗിയും ബന്ധുക്കളും
അബൂബക്കർ കടവത്തൂർ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു അൻകബൂത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ബാലപഥം
നന്നായാൽ നന്ന്!
ഉസ്മാൻ പാലക്കാഴി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വഖഫ് ബില്ല്: സുപ്രിംകോടതി വിധി പ്രതീക്ഷ നൽകുന്നത്; ആശ്വസിക്കാനായിട്ടില്ല -വിസ്ഡം

കോഴിക്കോട്: വഖഫ് നിയമ ഭേദഗതി ബില്ല് സ്റ്റേ ചെയ്തുകൊണ്ട് ബഹു. സുപ്രീം കോടതി ഇറക്കിയ ഉത്തരവ് വലിയ ആശ്വാസമാണെങ്കിലും ഗുരുതരമായ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുവെന്നതിൽ ആശങ്കയുണ്ടെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജന. സെക്രട്ടറി ടി.കെ അശ്റഫ് എന്നിവർ വാർത്താ കുറിപ്പിൽ അറിയിച്ചു.

സാധാരണഗതിയിൽ പാർലമെന്റ് പാസാക്കിയ നിയമത്തിൽ ചില വ്യക്തതകൾ നൽകുക മാത്രമാണ് സുപ്രീംകോടതി ചെയ്യാറ്. എന്നാൽ വഖഫ് നിയമ ഭേദഗതി ബില്ലിലെ പ്രധാന നിയമങ്ങൾ തന്നെ ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്തിരിക്കുന്നു എന്നത് രാജ്യത്തെ ജനങ്ങൾക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. വഖഫ് വസ്തുവിൽ തർക്കമുന്നയിച്ചാൽ അന്ന് മുതൽ വഖഫല്ല എന്ന വ്യവസ്ഥ സ്റ്റേ ചെയ്തതും വഖഫ് ഭൂമി തർക്കങ്ങളിൽ തീരുമാനമങ്ങളെടുക്കാനുള്ള ജില്ലാകളക്ടറുടെ അധികാരം സ്റ്റേ ചെയ്തതും ഈ വിധിയിലെ എടുത്തു പറയേണ്ട ഭാഗമാണ്.

ഒരു വസ്തു വഖഫ് ചെയ്യാൻ അഞ്ചു വർഷം മുസ്‌ലിം മതം പ്രാക്ടീസ് ചെയ്യണമെന്ന വകുപ്പ് സ്റ്റേ ചെയ്തുവെങ്കിലും സംസ്ഥാനങ്ങൾ ചട്ടം ഉണ്ടാക്കുന്നതുവരെ മാത്രമാണ് സ്റ്റേ നിലനിൽക്കുക. ഈ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വതന്ത്രാധികാരം വരുന്നതോടെ വഖഫ് ചെയ്യാനുള്ള അവകാശം തന്നെ ചോദ്യം ചെയ്യപ്പെടുമെന്നത് വിധിയുടെ താൽപര്യം അട്ടിമറിക്കാൻ ഇടയാകുമെന്നും വഖഫ് യൂസർ വിഷയത്തിലെ ഭേദഗതി അംഗീകരിച്ചുവെന്നത് നിരാശാജനകമാണെന്നും ഭാരവാഹികൾ വാർത്താ കുറിപ്പിൽ വ്യക്തമാക്കി.

ഗുരുദ്വാരകളിലും ദേവസ്വം ബോർഡുകളിലും അതത് സമുദായങ്ങൾക്കു മാത്രമാണ് അംഗത്വമുള്ളത് എന്നിരിക്കെ വഖഫിൽ മാത്രം ഇതര മതസ്ഥർ വേണമെന്ന നിബന്ധന കടുത്ത വിവേചനമാണെന്നും അന്തിമ വിധിയിൽ അനുകൂല നിലപാട് ഉണ്ടാകുമെന്നും നേതാക്കൾ പ്രത്യാശ പ്രകടിപ്പിച്ചു.



# ഓണത്തെക്കുറിച്ച് നല്ലോണം അറിഞ്ഞു

'നേർപഥ'ത്തിൽ (ലക്കം 450, 451) ഓണവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ലേഖനങ്ങൾ കാലികപ്രസക്തവും പഠനാർഹവുമായിരുന്നു. ഓണത്തിന്റെ ചരിത്രവും മതവും രാഷ്ട്രീയവും സമഗ്രമായി പ്രതിപാദിക്കുന്ന, ഇതുപോലുള്ള ഒരു ലേഖനം മറ്റൊരു പ്രസിദ്ധീകരണത്തിലും വെളിച്ചം കാണാൻ സാധ്യതയില്ല.

ഓണത്തെ 'ദേശീയ' ആഘോഷമായി അവതരിപ്പിക്കുന്നതിനെതിരെ പ്രഗത്ഭരായ പലരും ശബ്ദിച്ചിട്ടുണ്ട് എന്ന കാര്യം പുതുതലമുറക്ക് അറിയില്ല. അവരെയൊന്നും ആരും താലിബാനികളായി മുദ്രകുത്തിയിട്ടില്ല. 'എല്ലാ ജനങ്ങളെ കൊണ്ടും ഭസ്മം തൊടീപ്പിക്കുകയും തുളസിത്തറ വലം വെപ്പിക്കുകയും രാമനാമം ജപിപിക്കുകയുമല്ല ദേശീയോദ്ഗ്രഥനം' എന്നു തായാട്ടും 'ഓണം കേരളത്തിന്റെ ദേശീയാഘോഷമാണെന്നാണ് എല്ലാവരും പറയുന്നത്. ഇത് ശുദ്ധ നുണയാണ്. കാരണം, ആര്യന്മാർ പറയുന്ന കഥ പരിശോധിച്ചാൽ, ഓണാഘോഷം തികച്ചും ഹിന്ദുക്കളുടേതു മാത്രമാണെന്നു കാണാം. ബഹുഭൂരിപക്ഷം വരുന്ന തീയനും പുലയനും പറയനും ആശാരിയും മൂശാരിയും തട്ടാനും കൊല്ലനും വണ്ണാനും ക്രിസ്ത്യാനിയും മുസ്ലിമും മറ്റും അഹിന്ദുക്കളാണ്. ചെറുന്യൂനപക്ഷം വരുന്ന ഹിന്ദുക്കളുടെ ആഘോഷം എങ്ങനെയാണ് ദേശീയാഘോഷമാകുന്നത്? അതു ഭീകരവാദമല്ലേ വിശേഷിച്ച്, ഈ മണ്ണിന്റെ മക്കളെ അടിമകളാക്കിയതിന്റെ ചരിത്രം പറയുന്ന ഓണാഘോഷം എങ്ങനെയാണ് അടിമകളാക്കപ്പെട്ട വരുടെയും ആഘോഷമാവുക? ഏതാനും അഹിന്ദുക്കൾ കാര്യമറിയാതെ സവർണരെ ഓണാ ഘോഷത്തിൽ അനുകരിക്കുന്നെന്നു കരുതി, ഓണം കേരളത്തിന്റെ ദേശീയാഘോഷമാകുന്നതെങ്ങനെ?' എന്ന് കെ. മുകുന്ദനും പറഞ്ഞുവച്ചിട്ടുണ്ട്. കെ.ഇ.എൻ എന്ന ഇടതുപക്ഷ ചിന്തകൻ വളരെ വ്യക്തമായി ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ആർക്കും ഏത് ആഘോഷവും നടത്താനുള്ള സ്വാതന്ത്ര്യമുണ്ട്. അതിൽനിന്ന് വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ആരെയും ഒന്നും അടിച്ചേൽപിക്കൽ നല്ലതിനല്ല. പ്രിംറോസിനും ഡോ. ആശിക് ഷൗകത്തിനും നേർപഥത്തിനും അഭിനന്ദനങ്ങൾ.

***-അസ്‌ലഹ്***

*അൽഹിക്മ അറബിക്കോളേജ്, എടത്തനാട്ടുകര*

# ദൈവം, നരകം, യുക്തിവാദികൾ

“ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചതെങ്കിൽ, ദൈവത്തെക്കുറിച്ച് സ്തുതിഗീതങ്ങൾ പാടി ഇസ്‌ലാമിക നിയമങ്ങൾ പൂർണമായി അനുഷ്ഠിച്ചില്ലെങ്കിൽ നരകത്തിലിട്ട് വറുക്കുന്നവൻ എങ്ങനെയാണ് റഹ്മാനും റഹീമുമായിത്തീരുന്നത്' എന്ന, ഒരു യുക്തിവാദിയുടെ ഫേസ്ബുക്ക് പോസ്റ്റ് കാണാനിടയായി.


ഇസ്‌ലാമിനെ താത്വികമായും പ്രായോഗികമായും എതിർക്കുന്നു എന്നതിനാൽ; ആഗോള സാമ്രാജ്യത്വ അധിനിവേശ ദുശ്ശക്തികൾ, വർഗീയ - വംശീയ ഫാഷിസം, സിയോണിസം, നിയോനാസിസം തുടങ്ങിയ പ്രതിലോമകശക്തികളെ വാനോളം പുകഴ്ത്തുവാൻ തൂലികയും ചിന്തയും ഉപയോഗിക്കുന്ന പലരും യുക്തിവാദികളുടെ കൂട്ടത്തിലുണ്ട്. മാരകമായ ഈ ബൗദ്ധിക രോഗത്തിന്റെ പിടിയിലമർന്ന് ചിന്തയും വിവേകവും യുക്തിബോധവും സാമാന്യബുദ്ധിയും നശിക്കുകയും മനുഷ്യത്വത്തിന്റെ വിശാലമായ താൽപര്യങ്ങൾക്കുപോലും യാതൊരു മൂല്യവും കാണാൻ സാധിക്കാത്ത തരംതാഴ്ചയിൽ ചെന്നെത്തുകയും ചെയ്തവർ കേരളത്തിൽ യുക്തിവാദികളായി വിലസുന്നുണ്ട്.

മതങ്ങളെയും വിശ്വാസങ്ങളെയും വിലയിരുത്തുന്നതിൽ അവർ ചെന്നെത്തിയിരിക്കുന്നത് സാമാന്യബുദ്ധിയുടെയും മനുഷ്യമഹത്വത്തിന്റെയും സർവസാധാരണങ്ങളായ മാനദണ്ഡങ്ങളുമായി പോലും നീതിപുലർത്താത്ത നിലപാടുകളിലാണ്. ഇസ്‌ലാമുമായി ബന്ധപ്പെട്ട പ്രമേയങ്ങളെ ചർച്ചക്കെടുക്കുമ്പോൾ യുക്തിവാദികളിൽ കാണുന്ന സമീപനങ്ങൾ പലപ്പോഴും നീതിപൂർവകമാകാറില്ലെന്ന് മാത്രമല്ല, യുക്തിയുമായി ബന്ധപ്പെട്ട ഏതൊരുതരം വിശേഷണങ്ങളെയും തള്ളിക്കളയുന്ന സ്വഭാവത്തോടുകൂടിയവയും ആയിരിക്കാറുണ്ട്. ഇസ്‌ലാമിന്റെ ചരിത്രം, ചരിത്രപശ്ചാത്തലം, ആശയങ്ങൾ, മൂല്യങ്ങൾ, മതപരമായ നിയമങ്ങൾ, വിശുദ്ധ ക്വുർആനിലെ പരാമർശങ്ങൾ എന്നിവയെക്കുറിച്ച് അന്ധമായ മുൻവിധികളുടെ സഹായത്തോടെയാണ് യുക്തിവാദികൾ അവരുടെ വീക്ഷണങ്ങൾ അവതരിപ്പിക്കാറുള്ളത്. വസ്തുനിഷ്ഠമായ പഠനത്തിന് വിധേയമാക്കാൻ ശ്രമിക്കാതെ തെറ്റായ വിധിപ്രഖ്യാപനങ്ങളിലൂടെ ഇസ്‌ലാമിനെ കടന്നാക്രമിക്കുവാൻ യുക്തിവാദികൾ കഠിനപ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണ്.

എല്ലാ മേഖലകളിലും മനുഷ്യന്റെ യുക്തിപരമായ ഔന്നത്യത്തെ വിലകുറച്ച് കാണിക്കുന്നവർ എന്ന രീതിയിൽ യുക്തിവാദികൾ തരംതാഴ്ന്നിരിക്കുന്നു. ഈ സ്വഭാവം ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വർധിതമായി കാണാം. ഇസ്‌ലാമിനെ വിമർശിക്കുന്നതിൽ ഏതറ്റംവരെയും പോകുന്നതിൽ ഒരു വിവേചനശേഷിയും യുക്തിവാദികളെ തടയാറില്ല. ഇന്ത്യയിൽ അങ്ങേയറ്റം വർഗീയത പടർത്തുകയും മതത്തിന്റെ പേരിൽ അക്രമങ്ങളും കൊലപാതകങ്ങളും നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന സംഘ്പരിവാറിന്റെ ബി-ടീമായി ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സന്ദർഭങ്ങളും പശ്ചാത്തലങ്ങളും പരിഗണിക്കാതെയുള്ള വിലയിരുത്തലുകളിലൂടെ ഇസ്‌ലാമിനെ കടന്നാക്രമിക്കാനുള്ള മൃഗീയമായ ത്വര യുക്തിവാദികൾ ഒരു ഐഡന്റിറ്റിയായി കൊണ്ടുനടക്കുന്നു. ഈ പ്രവണതക്ക് എമ്പാടും ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ കഴിയും.

ഒരുപാട് അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യർ ഇവിടെ ജീവിക്കുന്നത്. ദൈവം ഇല്ലായെന്ന് പറയുകയും ദൈവത്തെ കളിയാക്കുകയും അവന്റെ നിയമങ്ങളെ അപഹസിക്കുകയും ചെയ്യുന്ന ഇത്തരം യുക്തിവാദികളും ആ അനുഗ്രഹങ്ങൾ ആകുവോളം ആസ്വദിക്കുന്നുണ്ട് എന്നത് അവർ വിസ്മരിക്കുകയാണ്. സത്യവിശ്വാസികളാകട്ടെ അനുഗ്രഹങ്ങൾക്ക് നന്ദിയെന്നോണം സ്രഷ്ടാവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടും അവനെ പ്രകീർത്തിച്ചുകൊണ്ടും ജീവിക്കുന്നു. രണ്ടുകൂട്ടരുടെയും പര്യവസാനം ഒരുപോലെയാണെങ്കിൽ നല്ലവരായി ജീവിക്കുന്നത് അർഥശൂന്യമായ പ്രവൃത്തിയാണെന്ന് വരുമല്ലോ. മക്കൾ അനുസരണക്കേട് കാണിക്കുമ്പോൾ രക്ഷിതാക്കൾ ശിക്ഷിക്കും. അനുസരിക്കുന്ന മക്കളെ അഭിനന്ദിക്കും. ഇങ്ങനെ ചെയ്യുന്ന പിതാവ് ക്രൂരനാണെന്ന അഭിപ്രായം യുക്തിവാദികൾക്കുണ്ടോ? ■

ആരിഫ് ബുസ്താനി




# ഹദീസുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദങ്ങൾ

പ്രാമാണികരായ പണ്ഡിതർ ഉദ്ധരിച്ച ഹദീസുകൾക്കോ, അവർ കൊണ്ടുവന്നിട്ടുള്ള നിവേദകശ്രേണിക്കോ വിരുദ്ധമായി ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി: ഇത്തരം ദൗർബല്യങ്ങൾ 5 തരമുണ്ട്.

ഒന്ന്, ശ്രേണിയുടെ ക്രമം തന്നെ തെറ്റിക്കുകയും സ്വഹാബികളുടെയോ താബിഉകളുടെയോ വാക്കുകൾ നബി(സ്വ)യുടെ വാക്കായി അവതരിപ്പിക്കുകയും ചെയ്യുക. ഇതിന് 'മുദ്റജ്' എന്ന് പറയുന്നു. 'അദ്റജ'യുടെ കർമവാചിയാണ് 'മുദ്റജ്.' പ്രവേശിപ്പിക്കുക, ഉൾക്കൊള്ളിക്കുക എന്നൊക്കെയാണ് അദ്റജയുടെ ഭാഷാർഥം. സാങ്കേതികാർഥ പ്രകാരം നിവേദകശ്രേണി(ഇസ്നാദ്)യുടെ ക്രമത്തിന് ഭംഗം വന്നിട്ടുള്ളതോ മൂലവാക്യ(മത്ൻ)ത്തിൽ നബി(സ്വ)യുടെ വാക്കല്ലാത്തത് കൂട്ടിക്കലർത്തപ്പെടുകയോ ചെയ്തിട്ടുള്ളതാ

ണ് മുദ്റജ്. മുദ്റജ് ഇസ്നാദി(പരമ്പര)ലാണെങ്കിൽ അതിനെ 'മുദ്റജുൽ ഇസ്നാദ്' എന്നും ഉള്ളടക്ക(മത്ൻ)ത്തിലാണെങ്കിൽ 'മുദ്റജുൽ മത്ൻ' എന്നും പറയുന്നു.

രണ്ട്, 'മക്‌ലൂബ്.' കീഴ്മേൽ മറിക്കപ്പെടുകയെന്നാണ് മക്‌ലൂബിന്റെ ഭാഷാർഥം. ഹദീസിന്റെ മൂലത്തി(മത്ൻ)ലോ ശ്രേണി(സനദ്)യിലോ രണ്ട് പദങ്ങളെ പരസ്പരം സ്ഥാനം മാറ്റുക. ഇതാണ് മക്‌ലൂബ് കൊണ്ട് ഉദ്ദേശിക്കുന്നത്. 'കഅ്ബ്നുബ്നു മുർറ' എന്ന് പറയേണ്ടതിനു പകരം 'മുർറതുബ്നു കഅ്ബ്' എന്ന് പറയുക, 'ഇടതു കൈ അറിയാത്ത വിധം വലതുകൈ കൊണ്ട് ചെലവഴിക്കുക' എന്നതിനു പകരം 'വലതുകൈ അറിയാത്ത വിധം ഇടതുകൈകൊണ്ട് ചെലവിഴിക്കുക' എന്ന് പറയുക എന്നതൊക്കെ മക്‌ലൂബിന് ഉദാഹരണമാണ്. അത് മത്നിലാണെങ്കിൽ 'മക്‌ലൂബുൽ മത്ൻ' എന്നും സനദിലാണെങ്കിൽ 'മക്‌ലൂബുസ്സനദ്' എന്നും പറയുന്നു.

മൂന്ന്, 'മുദ്ത്വരിബ്.' സമീകരണം (ജംഅ്) സാധ്യമല്ലാത്ത വിധം വിഭിന്നമായി ഹദീസുകൾ വരിക. ബലാബലം തുല്യമായതിനാൽ അവയിലൊന്നിന് മുൻഗണന (തർജീഹ്) നൽകി മറ്റൊന്നിനെ തിരസ്കരിക്കാൻ കഴിയുന്നുമില്ല. അസ്ഥിരമായ ഒരു അവസ്ഥ ഇത്തരം ഹദീസുകൾക്കുണ്ട്. അസ്ഥിരമായത് എന്നാണ് മുദ്ത്വരിബിന്റെ അർഥം. അത് ഉള്ളടക്ക(മത്ൻ)ത്തിലും പരമ്പര(സനദ്)യിലുമുണ്ടാകാം. ഒന്ന് 'മുദ്ത്വരിബുൽ മത്ൻ,' മറ്റേത് 'മുദ്ത്വരിബുസ്സനദ്.'

നാല്, 'മുസ്വഹ്ഹഫ്.' ആശയവ്യത്യാസം വരുംവിധം പദത്തിൽ മാറ്റം വരുത്തുന്നതാണ് 'മുസ്വഹ്ഹഫ്.' അത് സനദി(പരമ്പര)ലും മത്നി(മൂലം)ലുമുണ്ടാകും. അവ യഥാക്രമം 'തസ്‌വ്ഹീഫുസ്സനദ്, 'തസ്ഹീഫുൽ മത്ൻ' എന്നിങ്ങനെ അറിയപ്പെടുന്നു. ഹദീസുകളുടെ പരമ്പരയിൽ 'ഇവാമുബ്നു മുറാജിം' എന്നത് 'ഇവാമുബ്നു മുസാഹിം' എന്നായി മാറുക, 'ഇഹ്തജമ' എന്നത് 'ഇഹ്തജറ' എന്നായി മാറുക, ഇതൊക്കെ മുസ്വഹ്ഹഫിന് ഉദാഹരണങ്ങളാണ്.

അഞ്ച്, 'അൽമസീദു ഫീ മുത്തസ്വിലിൽ അസാനീദ്.' കണ്ണികളറ്റുപോകാത്തതും കുറ്റമറ്റതുമായ ഒരു ഹദീസ്, സ്വഹീഹാണെന്ന് തോന്നിപ്പോകും. പക്ഷേ, നിവേദകശ്രേണിയിൽ അധികപ്പറ്റായി ചില റാവിമാർ കടന്നുകൂടിയിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നുണ്ടെങ്കിൽ അത്തരം നിവേദനങ്ങളാണ് അൽമസീദു ഫീ മുത്തസിൽ അസാനീദ്.

വിട്ടുകളയലോ കൂട്ടിച്ചേർക്കലോ ഒന്നുമില്ലെങ്കിലും പ്രശ്നമുള്ള ഹദീസുകളാണ് ശാദ്ദ്, മഹ്ഫൂദ്. പ്രാമാണികരായവർ ഉദ്ധരിച്ചതിന് ഭിന്നമാകാതിരിക്കുക എന്നത് ഹദീസ് സ്വീകാര്യതക്കുള്ള മാനദണ്ഡമാണ്. ഒരു ഹദീസ്; അതിന്റെ സനദ് കൃത്യം, അറ്റുപോയിട്ടില്ല. പക്ഷേ, ഉദ്ധരിക്കപ്പെട്ട ഹദീസ് മറ്റു പ്രാമാണികരുമായി യോജിക്കുന്നില്ല. 'നിങ്ങളിലൊരുവൻ ഫജ്ർ നമസ്കരിച്ചു കഴിഞ്ഞാൽ വലതുവശം ചെരിഞ്ഞു കിടക്കട്ടെ' എന്ന ഹദീസ് ഇതിന് ഉദാഹരണമായി പറയപ്പെട്ടിരിക്കുന്നു. മറ്റെല്ലാ റിപ്പോർട്ടർമാരുടെ നിവേദനങ്ങളിലും നബി(സ്വ) 'ഫജ്ർ നമസ്കാരത്തിനുശേഷം വലതുവശം ചെരിഞ്ഞു കിടന്നു' എന്നാണുള്ളത്. ഒരെണ്ണത്തിൽ മാത്രം ഇങ്ങനെ വരാനുള്ള കാരണം അതിലുള്ള അബ്ദുൽ വാഹിദ് ഇബ്നു സിയാദ് എന്ന വ്യക്തിയാണ്. ഇമാം ബൈഹഖി ഈ ഹദീസിനെ ശാദ്ദായി കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം മുൻഗണനയുള്ളവർക്ക് വിരുദ്ധമായി അത്രതന്നെ മുൻഗണനയില്ലാത്ത ഒരു വ്യക്തി ഒരു ഹദീസ് നിവേദനം ചെയ്താൽ അത് ശാദ്ദ് എന്നറിയപ്പെടുന്നു. നേരെ വിപരീതമായി മുൻഗണനയില്ലാത്തവർക്ക് വിപരീതമായി മുൻഗണനയുള്ള ഒരു ഹദീസ് റിപ്പോർട്ട് ചെയ്താൽ അത് മഹ്ഫൂദ് എന്നും അറിയപ്പെടുന്നു. സ്വഹാബികളും താബിഉകളും അറിയപ്പെട്ട താബിഉത്താബിഉകളും വിശ്വസ്തരാണെന്നതിൽ സംശയമില്ല. അവർക്ക് വിരുദ്ധമായി വരുന്ന ഹദീസുകൾ ശാദ്ദായി കണക്കാക്കപ്പെടും.

ഖുദ്സി, മർഫൂഅ്, മൗഖൂഫ്, മക്ത്വൂഅ് എന്നിങ്ങനെ പേരു വെക്കപ്പെട്ട ഹദീസുകളുമുണ്ട്. അല്ലാഹു പറഞ്ഞതായി നബി (സ്വ) അറിയിച്ചതാണ് ഖുദ്സിയ്യായ ഹദീസുകൾ. എന്നാൽ അവ ഖുർആൻ വാക്യങ്ങൾക്ക് സമാനമല്ല. കാരണം, ഖുർആൻ സൂക്തങ്ങളുടെ ആശയങ്ങളും പദങ്ങളും പൂർണമായി അല്ലാഹുവിന്റേതാണ്. ഖുദ്സിയായ ഹദീസിന്റെ ആശയം മാത്രമാണ് അല്ലാഹുവിന്റേത്.

പദങ്ങളും വാകൃങ്ങളും നബി (സ്വ)യുടെത് തന്നെയാണ്. ഖുർആൻ പാരായണം ആരാധനയാണ്. ഖുദ്സിയ്യായ ഹദീസുകളുടെ പാരായണം അങ്ങനെയല്ല. ഖുദ്സിയ്യായ ഹദീസുകളുടെ എണ്ണം വളരെ കുറവാണ്.

'മർഫൂഅ്' എന്നതിന് ഉന്നതി നൽകപ്പെട്ടത് എന്നാണ് ഭാഷാർഥം. നബി(സ്വ)യുമായി ബന്ധപ്പെടുത്തി ഉദ്ധരിക്കപ്പെട്ട വാക്ക്, പ്രവൃത്തി, അംഗീകാരം, ഗുണവിശേഷണം എന്നിവയാണ് സാങ്കേതികാർഥത്തിൽ മർഫൂഅ്. നബി(സ്വ) അരുളി എന്ന സ്വഹാബിയുടെ വാക്ക് വാചികമർഫൂഅ് (അൽമർഫൂഉൽ ഖൗലി) എന്നും നബി(സ്വ) ചെയ്തുവെന്ന സ്വഹാബിയുടെ വാക്ക് കർമപരമായ മർഫൂഅ് (അൽമർഫൂഉൽ ഫിഅ്ലി) എന്നും നബി(സ്വ) ഇന്നത് അംഗീകരിച്ചു എന്ന സഹാബയുടെ മൊഴി അംഗീകാരപരമായ മർഫൂഅ് (അൽ മർഫൂഉത്തക്രീരി) എന്നും നബി(സ)യടെ സ്വഭാവഗുണങ്ങൾ സ്വഹാബി വർണിച്ചാൽ അതിന് വിശേഷണ മർഫൂഅ് (അൽ മർഫൂഉൽ വസ്ഫി) എന്നും അറിയപ്പെടുന്നു.

'മൗഖൂഫ്' എന്നതിന് നിർത്തിവെക്കപ്പെട്ടത് എന്നാണ് അർഥം. അതായത്, അത് സ്വഹാബിയിൽ ചെന്നവസാനിക്കുന്നു. സ്വഹാബിയുടെതായി ഉദ്ധരിക്കപ്പെടുന്ന പ്രവൃത്തിയും പ്രസ്താവനയും അംഗീകാരവുമാണ് സാങ്കേതികാർഥത്തിൽ മൗഖൂഫ്. അലി(റ) പറഞ്ഞു, ഇബ്നു അബ്ബാസ്(റ) പറഞ്ഞു എന്നിങ്ങനെയുള്ളതൊക്കെ മൗഖൂഫിനുദാഹരണങ്ങളാണ്.

'മക്ത്വൂഅ്' എന്നതിന് ഛേദിക്കപ്പെട്ടത് എന്നർഥം. താബിഇയുടെയോ മറ്റോ നാമത്തിനുശേഷം നിവേദകപരമ്പര ഛേദിക്കപ്പെടുന്നതാണ് ഈ പേര് വരാനുള്ള കാരണം. താബിഇൽ നിന്നോ അദ്ദേഹത്തിന്റെ താഴെയുള്ള താബിഉത്താബിഉകളിൽ നിന്നോ ഉദ്ധരിക്കപ്പെടുന്ന വാക്കോ പ്രവൃത്തിയോ ആണ് 'മക്ത്വൂഅ്.' താബിഈ പണ്ഡിതനായ ഹസനുൽ ബസ്വരിയുടെ വാക്കുകൾ ഉദാഹരണം.

*(തുടരും)*





ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി,
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199



തങ്ങൾക്ക് രാഷ്ട്രീയമായി അനുകൂലമല്ലാത്ത സംസ്ഥാനങ്ങളിലെ ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കുകയാണ് പുതിയ പരിഷ്കരണത്തിലൂടെ ബിജെപി ലക്ഷ്യം വെക്കുന്നത് എന്നതാണ് പ്രതിപക്ഷ ആക്ഷേപം. അതിന് ഉദാഹരണമായി ബീഹാറിലെ വോട്ടർ പട്ടികയിലെ കൃത്രിമത്വം ഉയർത്തിക്കാണിക്കുന്നു. കേരളത്തിൽ 54 ലക്ഷത്തിനും മേലെ പുതിയ വോട്ടർമാരുടെ പേരുകൾ 2002നു ശേഷം പട്ടികയിൽ ചേർക്കപ്പെട്ടിട്ടുണ്ട്. ഒരിക്കൽ തിരിച്ചറിയൽ രേഖകൾ കൊടുത്തിട്ടാണ് ഇവരെല്ലാം ചേർന്നത്. വീണ്ടും തിരിച്ചറിയൽ രേഖയുമായി ഇതിന് പിന്നാലെ എന്തിന് നടത്തണം?

'സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ' അഥവാ 'തീവ്ര വോട്ടർ പട്ടിക പരിഷ്കരണം' കേരളത്തിലും നടപ്പിലാക്കാൻ പോകുകയാണ്. വോട്ടർപട്ടികയിൽ പേരില്ലാത്തവർക്ക് പേരു ചേർക്കാനും ഇരട്ടവോട്ട് ഒഴിവാക്കാനും മരണപ്പെട്ടവരുടെ പേരിലുള്ള വ്യാജ വോട്ട് തടയാനും ലക്ഷ്യംവെച്ച് സാധാരണ നടപ്പാക്കുന്ന ഒരു പ്രക്രിയയാണ് ഇത് എന്നാണ് ഇലക്ഷൻ കമ്മീഷന്റെ വിശദീകരണം. 2002ലാണ് അവസാനമായി ഇത് പരിഷ്കരിച്ചത്.

**ഉയരുന്ന വിമർശനം**

തങ്ങൾക്ക് രാഷ്ട്രീയമായി അനുകൂലമല്ലാത്ത സംസ്ഥാനങ്ങളിലെ ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കുകയാണ് പുതിയ പരിഷ്കരണത്തിലൂടെ ബിജെപി ലക്ഷ്യം വെക്കുന്നത് എന്നതാണ് പ്രതിപക്ഷ ആക്ഷേപം. അതിന് ഉദാഹരണമായി ബീഹാറിലെ വോട്ടർ പട്ടികയിലെ കൃത്രിമത്വം ഉയർത്തിക്കാണിക്കുന്നു. കേരളത്തിൽ 54 ലക്ഷത്തിനും മേലെ പുതിയ

# SPECIAL INTENSIVE REVISION




വോട്ടർമാരുടെ പേരുകൾ 2002നു ശേഷം പട്ടികയിൽ ചേർക്കപ്പെട്ടിട്ടുണ്ട്. ഒരിക്കൽ തിരിച്ചറിയൽ രേഖകൾ കൊടുത്തിട്ടാണ് ഇവരെല്ലാം ചേർന്നത്. വീണ്ടും തിരിച്ചറിയൽ രേഖയുമായി ഇതിന് പിന്നാലെ എന്തിന് നടത്തണം? 2002നു ശേഷം നടന്ന നാല് നിയമസഭ തെരഞ്ഞെടുപ്പുകളിലും 5 ലോക്സഭാ തെരഞ്ഞെടുപ്പുകളിലും വോട്ട് ചെയ്തവരാണ് ഇവരിൽ ഭൂരിഭാഗവും. തിരിച്ചറിയൽ രേഖയായി ആധാറും ഉപയോഗിക്കാമെങ്കിൽ എന്തുകൊണ്ട് വോട്ടർപട്ടിക ആധാറുമായി ലിങ്ക് ചെയ്തുകൂടാ? അങ്ങനെ ചെയ്താൽ ഇത്തരത്തിലുള്ള തീവ്ര പരിഷ്കരണ പ്രക്രിയ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും ചെയ്യാം. ഇതൊക്കെയാണ് ഉയർന്നു കേൾക്കുന്ന പ്രധാന വിമർശനങ്ങൾ.

**കേരളത്തിൽ നടപ്പാക്കുമ്പോഴുള്ള ആശങ്ക**

പ്രതിപക്ഷം ഇതിനെ ശക്തമായി എതിർക്കും എന്ന് പ്രഖ്യാപിച്ച സ്ഥിതിക്ക് ഒന്നുകിൽ അത് ലക്ഷ്യത്തിലെത്തണം; ആധാറുമായി ലിങ്ക് ചെയ്ത് ശാശ്വത പരിഹാരം കാണണം. അല്ലാത്തപക്ഷം, പരസ്പരം തർക്കിച്ച് സമയം കടന്നുപോകുകയും അവസാനം ധൃതിപിടിച്ച് ലക്ഷക്കണക്കിന് വരുന്ന വോട്ടർമാർ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ നെട്ടോട്ടമോടുന്ന സാഹചര്യമുണ്ടാകും.

ഇതിനു പിന്നിൽ പ്രത്യേക അജണ്ടയുള്ളവർ അവരുടെ വോട്ടർമാരെല്ലാം പട്ടികയിലുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടാകും. അല്ലാത്തവർക്ക് വോട്ട് നിഷേധിക്കപ്പെടും. പ്രവാസികളുടെ വോട്ട് വൻതോതിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

**നമുക്ക് ചെയ്യാവുന്നത്**

1984ന് ശേഷം ജനിച്ച ആരുടെയും പേര് വോട്ടർ പട്ടികയിൽ ഉണ്ടാകില്ല. അവർ പുതുതായി വോട്ട് ചേർക്കുന്നത് പോലെ തന്നെ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. പ്രവാസികൾ മാത്രമല്ല നേരത്തെ ഉണ്ടായിരുന്ന ബൂത്തിൽ നിന്ന് വോട്ടുകൾ മാറ്റിയവരെയും ഇത് പ്രതികൂലമായി ബാധിക്കും. 2002ലെ എസ്ഐആറിൽ ഏതു ബൂത്തിന്റെ പരിധിയിലാണോ താമസിച്ചിരുന്നത് അവിടുത്തെ വോട്ടർ പട്ടികയിലേ പേരുണ്ടാകൂ. എസ്ഐആർ കഴിയുമ്പോൾ ആ വോട്ടർ പട്ടികയിൽ നിന്ന് പേരു വെട്ടും. 2002ന് മുമ്പുള്ളവർ വോട്ടർപട്ടികയിൽ ഉണ്ടാകും എന്ന് കരുതുന്നവർ പേരു ചേർക്കാൻ പ്രത്യേകിച്ചൊന്നും ചെയ്യില്ല. അങ്ങനെ അവർ പുറത്താകാനുള്ള സാധ്യതയുണ്ട്.

ഓരോ ബൂത്തിലും മതനിരപേക്ഷ വോട്ടുകൾ ഉറപ്പുവരുത്താൻ പാർട്ടികളും കൂട്ടായ്മകളും ശ്രദ്ധിക്കുക. ഇപ്പോൾ വോട്ടർ പട്ടികയിൽ പേരില്ലാത്ത പ്രവാസികളെയും എൻട്രോൾ ചെയ്യിക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകണം. ന്യൂനപക്ഷങ്ങൾ ഒട്ടേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അശ്രദ്ധമൂലം കൈയിലുള്ള ഏക ആയുധമായ വോട്ട് കൂടി നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രത വേണം. ■





ശബീബ് സ്വലാഹി

# ഹൂഥികൾ; ചരിത്രവും വർത്തമാനവും

യമൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ശിയാ വിഭാഗത്തിലെ സായുധ മതരാഷ്ട്രവാദ സംഘമാണ്  ഹൂഥികൾ. ഹൂഥി നേതാവ് ഹുസൈൻ ബിൻ ബദ്റുദ്ദീൻ ഹൂഥിയുടെ പേരിലേക്ക് ചേർത്തുകൊണ്ടാണ് ഈ സംഘം ഹൂഥികൾ എന്ന പേര് സ്വീകരിച്ചത്.  വടക്കേ സ്വൻആഇലെ, സ്വൻആഅ് - സ്വഅ്ദ റൂട്ടിൽ സ്ഥിതി ചെയ്യുന്ന ചരിത്ര ശേഷിപ്പുകൾ നിറഞ്ഞു നിൽക്കുന്ന പുരാതന നഗരമാണ് ഹൂഥ്. ഹുസൈൻ ബിൻ ബദ്റുദ്ദീൻ ഹൂഥിയുടെ പിതാമഹൻമാരിൽ ചിലർ വസിച്ചിരുന്നത് ഹൂഥ് നഗരത്തിലായതിനാൽ അവർ ഹൂഥികൾ എന്ന് വിളിക്കപ്പെട്ടു. പിന്നീട് വന്ന തലമുറകളും ആ പേര് സ്വീകരിച്ചതിന്റെ ഭാഗമായാണ് ഹുസൈൻ ബദ്റുദ്ദീനിന് ഹൂഥി എന്ന പേര് ലഭിക്കുന്നത്. തുടക്കത്തിൽ 'തൻദ്വീമു ശബാബിൽ മുഅ്മിൻ' എന്ന പേരിലാണ് ഈ സംഘം അറിയപ്പെട്ടിരുന്നത്.

ശിയാക്കളിലെ സൈദി വിഭാഗത്തിലെ തീവ്രവാദ വിഭാഗമായാണ് ഹൂഥികൾ. ശിയാ വിഭാഗമായ ഇസ്നാ അശരി(ഇമാമി)കളിൽ പെട്ടവരല്ല അവരെങ്കിലും ഇമാമികളുടെ പല പിഴച്ച വിശ്വാസങ്ങളും വെച്ചുപുലർ

> ഹൂഥികൾ എന്ന പേര് ഇന്ന് ലോകത്തിന് സുപരിചിതമാണ്. പശ്ചിമേഷ്യയെ കണ്ണീരിൽ കുളിപ്പിച്ച തെമ്മാടി രാഷ്ട്രമായ ഇസ്റാഈലിനെതിരെ ഒറ്റയ്ക്കും കൂട്ടായും നിർഭയരായി പ്രതികരിക്കുന്ന യെമനി ട്രൈബൽ ഓർഗനൈസേഷനായാണ് ഹൂഥികൾ അറിയപ്പെടുന്നത്. കേവലം ചെറുത്തുനിൽപ് പോരാളികൾ എന്നതിനപ്പുറം സൈദി വിഭാഗത്തിൽപെട്ട ഇവരുടെ വിശ്വാസവും പ്രമാണങ്ങളോടുള്ള സമീപനവും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

ത്തുന്നു. നബി(സ്വ)യുടെ ഭരണപിൻഗാമി അലി(റ) ആണന്നും, ഖലീഫമാരായിരുന്ന അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ) എന്നിവർ മതനിയമ പ്രകാരമുള്ള അധികാരികൾ ആയിരുന്നില്ല എന്നും, അലി (റ) മാത്രമാണ് ശറഇയായ ഇമാം എന്നും ഹൂഥികൾ വിശ്വസിക്കുന്നു. ഇതിന് പുറമെ എല്ലാ വർഷവും ദുൽഹജ്ജ് 18ന് ഗദീർ പെരുന്നാൾ ആഘോഷിക്കുന്നവരുമാണ് ഇക്കൂട്ടർ. വിടവാങ്ങൽ ഹജ്ജ് കഴിഞ്ഞ് നബി(സ്വ)യും സ്വഹാബിമാരും മദീനയിലേക്ക് തിരിച്ചു പോകുമ്പോൾ ജുഹ്ഫയുടെ അടുത്തുള്ള ഗദീർ ഖും എന്ന പ്രദേശത്ത് വെച്ച് ദുൽ ഹജ്ജ് 18ന് നബി(സ്വ) നടത്തിയ ഒരു പ്രഭാഷണത്തെ ദുർവ്യാഖ്യാനിച്ച് അതിന്റെ വാർഷികാഘോഷം എന്ന നിലയിൽ എല്ലാ വർഷവും ശിയാക്കൾ കൊണ്ടാടുന്ന പെരുന്നാളാണ് ഗദീർ പെരുന്നാൾ. അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ) മുതലായ തലമുതിർന്ന സ്വഹാബത്തിനെ പോലും ആക്ഷേപിക്കുന്നത് ഹൂഥികളിലെ ഇമാമി സ്വാധീനത്തിന്റെ മറ്റൊരു അടയാളമാണ്.

തങ്ങളുടെ ഇച്ഛക്കെതിരിൽ വരുന്ന നബിവചനങ്ങളെ നിരാകരിച്ചും ഹദീഥ് പണ്ഡിതൻമാരെ ചീത്ത വിളിച്ചും ഇമാമി ശിയാക്കളോടുള്ള കൂറ് പുലർത്തുന്നതിൽ ഹൂഥികളെ മുമ്പിൽ തന്നെ കാണാവുന്നതാണ്. ഹൂഥി യുവാക്കളുടെ ഇറാനുമായുള്ള ബന്ധം ഇമാമി ശിയാ സ്വാധീനം ഹൂഥികളിലേക്ക് കടന്നുവരാൻ കാരണമായിട്ടുണ്ട്. മുഹർറം 10ന് ഉസൈൻ(റ) വിന്റെ പേരിലുള്ള ദുഖാചരണം, ഒരു വേള അലി(റ)വിനോടും ഹുസൈൻ(റ)വിനോടും നേരിട്ട് പ്രാർഥിക്കുക തുടങ്ങിയ ഇമാമി ശിയാ ആചാരങ്ങളും ഹൂഥികളിൽ വ്യാപകമാണ്.

തങ്ങൾ പ്രവർത്തിക്കുന്നതല്ലാം മതസംരക്ഷണം ലക്ഷ്യം വെച്ചാണെന്ന് സ്വയം വിശ്വസിച്ചു പോരുന്നതിനാൽ 'അൻസ്വാറുല്ലാഹ്' (അല്ലാഹുവിന്റെ സഹായികൾ) എന്ന് സ്വയം പേരു സ്വീകരിച്ചു. നബികുടുംബത്തിന്റെ പേരിൽ കടന്നുവന്ന സംഘമാണ് ശിയാക്കൾ എന്നതിനാൽ തങ്ങളുടെ ശിയാ പാരമ്പര്യത്തെ വിളിച്ചറിയിക്കുക എന്ന അർഥത്തിൽ 'അത്ബാഉ അഹ്ലുൽ ബൈത്ത്' (നബി കുടുംബത്തെ അനുധാവനം ചെയ്യുന്നവർ) എന്ന പേരിലും അവർ അറിയപ്പെടുന്നു. അതിന് പുറമെ 'അൽ മുജാഹിദൂൻ' (ധർമയുദ്ധം ചെയ്യുന്നവർ), 'അൽ മസീറത്തുൽ ക്വുർആനിയ്യ' (ക്വുർആൻ സഞ്ചാരം), 'ജമാഅത്തുൽ ഹൂഥി' (ഹൂഥി സംഘം), 'ഹറകത്തുൽ ഹൂഥിയ്യ' (ഹൂഥി മൂവ്മെന്റ്) എന്നീ പേരുകളിലും ഇവർ അറിയപ്പെടുന്നു.

### ഹൂഥികളുടെ ചരിത്രം

വടക്കൻ യമനിലെ സ്വഅദ പ്രവിശ്യയിൽനിന്നാണ് ഹൂഥികൾ ജന്മമെടുത്തത്. ശിയാക്കളിലെ സൈദിവിഭാഗത്തിന്റെ പ്രധാന കേന്ദ്രമാണ് സ്വഅദ പ്രവിശ്യ. ഹിജ്റ വർഷം 298ൽ മരണപ്പെട്ട സൈദികളുടെ പ്രഥമ ഇമാമായ അൽഹാദി യഹ്യ ബിൻ ഹുസൈനിന്റെ സ്വഅദയിലേക്കുള്ള കടന്നു വരവോടെയാണ് പ്രസ്തുത പ്രവിശ്യ സൈദികളുടെ ഈറ്റില്ലമാകുന്നത്. 1962 സെപ്റ്റംബർ 26ന് പൊട്ടിപ്പുറപ്പെ

തങ്ങളുടെ ഇച്ഛക്കെതിരിൽ വരുന്ന നബിവചനങ്ങളെ നിരാകരിച്ചും ഹദീഥ് പണ്ഡിതൻമാരെ ചീത്ത വിളിച്ചും ഇമാമി ശിയാക്കളോടുള്ള കൂറ് പുലർത്തുന്നതിൽ ഹൂഥികളെ മുമ്പിൽ തന്നെ കാണാവുന്നതാണ്. ഹൂഥി യുവാക്കളുടെ ഇറാനുമായുള്ള ബന്ധം ഇമാമി ശിയാ സ്വാധീനം ഹൂഥികളിലേക്ക് കടന്നുവരാൻ കാരണമായിട്ടുണ്ട്. മുഹർറം 10ന് ഉസൈൻ(റ)വിന്റെ പേരിലുള്ള ദുഖാചരണം, ഒരു വേള അലി(റ)വി നോടും ഹുസൈൻ(റ)വിനോടും നേരിട്ട് പ്രാർഥിക്കുക തുടങ്ങിയ ഇമാമി ശിയാ ആചാരങ്ങളും ഹൂഥികളിൽ വ്യാപകമാണ്.

ട്ട യമൻ വിപ്ലവവും അതിനെ തുടർന്ന് വന്ന രാഷ്ട്രീയ മാറ്റങ്ങളും സ്വഅദയിലും യമനിലെ മറ്റു പ്രവിശ്യകളിലും സൈദികളുടെ ആധിപത്യന് സാരമായ പരിക്കേൽപിച്ചു. പ്രത്യേകിച്ചും യമനിന്റെ തലസ്ഥാനമായ സൻആയിൽ നിന്നും അവർക്ക് പിൻവാങ്ങേണ്ടി വന്നു. അതിനു ശേഷമാണ് സഅദയിൽ നിന്നും സൈദി ജാറൂദി ശിയാസംഘമായ ഹൂഥികൾ രൂപം കൊള്ളുന്നത്. പിന്നീട് അവർ ശക്തി പ്രാപിക്കുകയും യമനിന്റെ തലസ്ഥാനമായ സ്വൻആഇന്റെ വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളുടെയും മറ്റു നഗരങ്ങളുടെയും സൈനിക നിയന്ത്രണം ഏറ്റെടുക്കുന്നതുവരെ എത്തി കാര്യങ്ങൾ.

1990കളിൽ സ്വഅദയിൽ രൂപീകൃതമായ 'മുൻതദാ അശ്ശബാബിൽ മുഅ്മിൻ' എന്ന കൂട്ടായ്മയിലൂടെയാണ് ഹൂഥികളുടെ പ്രവർത്തനം ആദ്യമായി ആരംഭിക്കുന്നത്. യുവാക്കളിൽ മത പാഠങ്ങൾ പകർന്നുനൽകിയും കായിക പ്രവർത്തനങ്ങളിൽ ദിശാബോധം നൽകിയും കൂട്ടായ്മ മുന്നോട്ടുപോയി. അക്കാലത്ത് യമൻ സർക്കാർ രാഷ്ട്രീയ-സാംസ്കാരിക സംഘടനകൾ ഉണ്ടാക്കാൻ നൽകിയ ഇളവുകളെ ഉപയോഗപ്പെടുത്തിയാണ് 'ഹിസ്ബുൽ ഹക്ക്' (സത്യപ്രസ്ഥാനം) എന്ന പേരിൽ ശിയാക്കൾ ഒരു സംഘം രൂപീകരിക്കുന്നത്. ഹിസ്ബുൽ ഹക്കിന്റെ സ്ഥാപക നേതാക്കളിൽ പ്രധാനിയും അതിന്റെ ഉപാധ്യക്ഷനും അൻസാറുല്ലാഹ് സംഘത്തിന്റെ അത്മീയ നേതാവുകൂടിയായിരുന്നു ബദ്റുദ്ദീൻ അൽഹൂഥി. കാലക്രമേണ അയാളുടെ മകൻ ഹുസൈൻ ബദ്റുദ്ദീൻ മുൻതദാ അശ്ശബാബിൽ മുഅ്മിൻ എന്ന കൂട്ടായ്മയുടെ കീഴിൽ പ്രവർത്തിക്കുന്ന പല കേന്ദ്രങ്ങളുടെയും ആധിപത്യം ഏറ്റെടുത്തു. തന്റെ ചിന്തകളും വിശ്വാസങ്ങളും മുൻതദയിലെ യുവാക്കളിൽ പകർന്നുനൽകി യമൻ സർക്കാറിനെതിരിൽ സൈനികമായി പോരാടാൻ മാത്രം ശേഷിയുള്ള തീവ്ര സംഘത്തെ അയാൾ വിശ്വാസപരമായും കായികമായും വളർത്തിയെടുത്തു. അവർ 'തൻദ്വീമുശ്ശബാബിൽ മുഅ്മിൻ' (വിശ്വാസി യുവധാര) എന്ന പേരിൽ അറിയപ്പെട്ടു. സൈദി വിശ്വാസത്തെ പ്രതിനിധാനം ചെയ്യുന്നത് കാരണത്താൻ അവർക്കു വേണ്ട സാമ്പത്തിക സഹായങ്ങൾ ഹിസ്ബുൽ ഹക്കിൽനിന്നും ലഭിച്ചുകൊണ്ടിരുന്നു.

ഹുസൈൻ ഹൂഥിയുടെ പിതാവ് ബദ്റുദ്ദീൻ ഹൂഥി സൈദികളുടെ പ്രധാന വൈജ്ഞാനിക അവലംബമായിരുന്നു. സൈദി പക്ഷപാതിത്വവും മുഅ്തസിലി വിശ്വാസവും സമന്വയിപ്പിച്ച് കൊണ്ടുള്ള ആദർശവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അയാൾ. മുസ്‌ലിംകളുടെ പ്രഥമ ഖലീഫമാരായിരുന്ന അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ) തുടങ്ങിയ, സ്വർഗം കൊണ്ട് തിരുദൂതർ(സ്വ) സന്തോഷ വാർത്ത അറിയിച്ച സ്വഹാബിവര്യൻമാർക്കെതിരിൽ ശകാരവർഷവും ശാപപ്രാർഥനകങ്ങളും നടത്തുന്ന ആളായിരുന്നു അയാൾ. വിശ്വാസികളുടെ മാതാവും നബി(സ്വ) യുടെ പ്രിയ പത്നിയുമായ ആഇശ(റ) യുടെ പേര് കേൾക്കുമ്പോൾ അവർക്കു വേണ്ടി അനുഗ്രഹ പ്രാർഥന (തർദ്വിയത്ത്) നടത്തുന്നത് വലിയ തെറ്റായി കണ്ടിരുന്ന വ്യക്തി കൂടിയായിരുന്നു അയാൾ. അതിനെല്ലാം പുറമെ സ്വഹാബികളിൽ ഭൂരിഭാഗം പേരും ആക്ഷേപാർഹരാണന്ന വിശ്വാസം നിലനിർത്തുകയും അത് നടപ്പിൽ വരുത്തുകയും ചെയ്ത വ്യക്തിയായിരുന്നു ഇയാൾ. പ്രവാചകനിൽനിന്നും സ്വിരപ്പെട്ടു വന്ന മിക്കവാറും ഹദീഥുകളെ നിഷേധിക്കുകയും, ഹദീഥ് ഗ്രന്ഥങ്ങളെയും ഗ്രന്ഥകാരൻമാരെയും അക്ഷേപിക്കുകയും ചെയ്ത അയാൾ ഇമാം ബുഖാ

രിയും മുസ്‌ലിമും ഭരണാധികാരികളെ തൃപ്തിപ്പെടുത്താനായി നബി (സ്വ)യുടെ പേരിൽ കളവുകൾ എഴുതിയുണ്ടാക്കിയവരാണ് എന്ന് പോലും ആരോപിച്ചു! പിതാവ് ബദ്റുദ്ദീനിൽനിന്നും അയാളുടെ മുഴുവൻ പിഴച്ച വാദങ്ങളും അനന്തരമായി സ്വീകരിച്ച് തീവ്ര സുന്നീ വിരോധവും ശിഈ പക്ഷപാതിത്വവും കൈമുതലാക്കി ഹുസൈൻ ഹൂഥി തന്റെ ദൗത്യം നിർവഹിച്ചുകൊണ്ടിരുന്നു.

സൈദികൾ പൊതുവെ ഹൂഥികളുടെ പല തീവ്ര നിലപാടുകളും ഇമാമി ശിയാ പ്രീണന പ്രവർത്തനങ്ങളും അംഗീകരിച്ചവരായിരുന്നില്ല. സൈദികളുടെ ഇടയിൽ ഇമാമുൽ ഇത്റ, മുഫ്തി അൽ യമനി വൽഇജാസ് എന്ന പേരിൽ പ്രസിദ്ധനായ മജ്ദുദ്ദീൻ അൽ മുഅയ്യിദി ഹൂഥികളുടെ നിലപാടുകൾക്കെതിരിൽ നിലകൊള്ളുകയും ഹിസ്ബുൽ ഹക്ക് എന്ന സംഘത്തെ തന്റെ കൂടെ നിലനിർത്തുകയും ചെയ്തു. അത് കാരണത്താൽ 1992ൽ ബദറുദ്ദീൻ ഹൂഥിയും അയാളുടെ അനുകൂലികളും ഹിസ്ബുൽ ഹക്കിൽനിന്നും രാജിവെച്ചു. ശേഷം മകൻ ഹൂസൈൻ ഹൂഥി നേതൃത്വം നൽകുന്ന തൻദ്വീമുശബാബിൽ മുഅ്മിനിന്റെ ഭാഗമായി അയാളും അയാളുടെ അനുകൂലികളും മാറി. സഅദയിലെ ഹാശിമി കുടുംബത്തിലെ യുവാക്കളെയും മറ്റു ഗോത്രവർഗ വിഭാഗത്തിലെ യുവാക്കളെയും സ്വാധീനിച്ച് തങ്ങളുടെ കൂടെ നിർത്താൻ ഹൂഥികൾക്ക് സാധിച്ചു. പിന്നീട് ഹുസൈൻ ഹൂഥി തന്റെ സംഘടന അതിന്റെ സിരാകേന്ദ്രമായ സഅദയിൽ നിന്നും യമനിലെ മറ്റു പ്രവിശ്യകളിലേക്ക് കൂടി വ്യാപിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അതിന്റെ ഭാഗമായി സ്വൻആഅ്, അമ്രാൻ, ഹജ്ജ, മഹ്‌വീത് തുടങ്ങിയ യമനി പ്രവിശ്യകളിൽ തന്റെ സംഘത്തിന് ശാഖകൾ സ്ഥാപിച്ചു. അവിടെ മതപഠനമെന്ന വ്യാജേന പള്ളികളും മറ്റു സംരംഭങ്ങളും കേന്ദ്രീകരിച്ച് തങ്ങളുടെ തീവ്രചിന്താഗതികളും ആശയങ്ങളും യുവാക്കളിലേക്ക് വ്യവസ്ഥാപിതമായി പകർന്ന് നൽകുകയും തങ്ങളുടെ കൂടെ അവരെ നിർത്തുകയും ചെയ്തു.

ഈയിടക്ക് സ്വഅദ കേന്ദ്രീകരിച്ച് തൻദ്വീമുശ്ശബാബിൽ മുഅ്മിൻ 'ഗദീർ പെരുന്നാളി'ന്റെ ദിനത്തിൽ പ്രത്യേകം ആഘോഷങ്ങൾ സംഘടിപ്പിച്ചു തുടങ്ങി. അലി(റ)യെ ഖലീഫയാക്കുക എന്ന നബി(സ്വ)യുടെ വസ്വിയത്ത് നടപ്പിലാക്കാത്ത ചതിയൻമാരായി സ്വഹാബത്തിനെ ആക്ഷേപിച്ച് പാട്ടുകളും പ്രസംഗങ്ങളുമെല്ലാം ആ പെരുന്നാളാഘോഷത്തിന്റെ പേരിൽ അവർ നടപ്പിലാക്കി. അതിനുപുറമെ തങ്ങളുടെ സംഘബലവും ആയുധശക്തിയുമെല്ലാം ജനങ്ങൾക്കിടയിൽ പ്രകടിപ്പിക്കാനുള്ള ദിനമായി അതിനെ അവർ ഉപയോഗപ്പെടുത്തി.



ഹൂഥി അനുകൂല കുടുംബങ്ങളും ഗോത്രങ്ങളും അത് മൊത്തത്തിൽ ഏറ്റെടുക്കുകയും യമനിലെ മറ്റു പ്രവിശ്യകളിലേക്കും അത് വ്യാപിപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ ദുൽഹജ്ജ് 18 ഹൂഥികളുടെ ആയുധ, സംഘബലം കാണിക്കാനും അവരിലേക്ക് ആളുകളെ ക്ഷണിക്കാനുമുള്ള പ്രത്യേക ദിനമായി മാറി. അതിനെല്ലാം പുറമെ അവരുടെ ക്യാമ്പുകളിൽ ഖുമൈനി വിപ്ലവത്തെ അടിസ്ഥനപ്പെടുത്തി നിർമിച്ച സിനിമകളും ഡോക്യുമെന്ററികളും പ്രദർശിപ്പിച്ച് യുവാക്കളിൽ കൂടുതൽ ആവേശം പകർന്നുനൽകുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ ഹൂഥികൾ തങ്ങളെ ഒരു ദേശീയ രാഷ്ട്രീയ വിപ്ലവ പ്രസ്ഥാനമായാണ് പരിചയപ്പെടുത്തുന്നത്. യമനിനെ ബാഹ്യ ഇടപെടലുകളിൽനിന്ന് രക്ഷിക്കുക, സമൃദ്ധി, സുരക്ഷ, സ്ഥിരത മുതലായവ കൈവരിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ അവകാശപ്പെടുന്നു. നാട്ടിലെ രാഷ്ട്രീയ, സൈനിക, ഗോത്ര നേതാക്കൻമാരെ തങ്ങളിലേക്ക് അടുപ്പിക്കാനും തങ്ങൾക്കിടയിലെ വിഭാഗീയതകൾ മറച്ചുവെച്ചു പ്രവർത്തിക്കാനും സമർഥരാണ് ഇക്കൂട്ടർ.

നബി(സ്വ)യിൽനിന്നും സ്ഥിരപ്പെട്ടു വന്ന ഹദീഥുകളിലൂടെ അല്ലാഹുവിന്റെ വിശേഷണങ്ങൾ രേഖപ്പെടുത്തിയതിനെ തന്റെ മുഅ്തസിലി ബുദ്ധികൊണ്ട് വ്യാഖ്യാനിച്ച് അല്ലാഹുവിന് ശരീരമുണ്ട് എന്ന് വാദിക്കുന്നവരാണ് അഹ്‌ലുസ്സുന്നയുടെ ആളുകൾ എന്ന് ഇവർ ആരോപിക്കുന്നു. അല്ലാഹുവിന് അവന്റെ മഹത്ത്വത്തിന് അനുയോജ്യമായ ഉന്നതി, ഇറക്കം, വേഗത്തിൽ വരവ്, ചിരി, സന്തോഷം, ദേഷ്യം, കൈകൾ, കാലുകൾ മുതലായ സ്വിഫതുകൾ ഉണ്ടെന്നത് സ്വഹാബത്ത് മുതൽ ആധുനിക ലോകത്തുള്ള മുഴുവൻ അഹ്‌ലുസ്സുന്നയുടെ പണ്ഡിതരും ഒരു തർക്കവുമില്ലാതെ വിശ്വസിച്ച് പോരുന്ന കാര്യമാണ്.

**ഹൂഥികളും അവരുടെ വിശ്വാസ-ആചാരങ്ങളും**

*1) അല്ലാഹുവിന്റെ ആരാധ്യതയിലുള്ള ഏകത്വം:*

അല്ലാഹുവിന്റെ ആരാധ്യതയിലുള്ള ഏകത്വത്തിൽ ഹൂഥികൾ പിന്തുടരുന്നത് ക്വബ്‌റാരാധകരുടെ വഴിയാണ്. ക്വബ്ർ പൂജ ശക്തിപ്പെടുത്താനായി കൃതികൾ രചിച്ച വ്യക്തിയാണ് ബദ്‌റുദ്ദീൻ ഹൂഥി. 'അൽ ഈജാസ് ഫീ റദ്ദി അലാ ഫതാവൽ ഹിജാസ്' എന്ന ഗ്രന്ഥം അതിൽ പ്രസിദ്ധമാണ്. ക്വബ്‌റുമായി ബന്ധപ്പെട്ട പല അന്ധവിശ്വാസങ്ങൾക്കും മതപരിവേഷം നൽകാൻ ഗ്രന്ഥകാരൻ ഈ കൃതിയിലൂടെ ശ്രമിക്കുന്നുണ്ട്. മഹാനായ മുഹമ്മദ് ബിൻ അബ്ദിൽ വഹാബി(റഹി)ന്റെ 'കശ്ഫുശ്ശുബ്ഹാത്ത്' എന്ന ലഘു കൃതിക്ക് 'അൽ ജവാബുൽ വജീസ്' എന്ന പേരിൽ ബദ്‌റുദ്ദീൻ ഹൂഥി മറുപടി എഴുതിയിട്ടുണ്ട്. ക്വബ്‌റിന്റെ മുകളിലുള്ള മണ്ണുകൊണ്ട് ബറകത്തെടുക്കുന്നതിനെ കുറിച്ച് ഇയാൾ പറയുന്നത് കാണുക: "മണ്ണുകൊണ്ട് ലേപനം ചെയ്യുന്നത് ചെയ്യുന്നവന്റെ ഉദ്ദേശ്യമനുസരിച്ച് ചൊറിക്കും അതുപോലുള്ള രോഗങ്ങൾക്കുള്ള ശമനമാണ്. അത് ശിർക്കല്ല' (സിയാറത്തുൽ ക്വുബൂർ, ശുബ്ഹാതുൻ വ റുദൂദ്- ബദ്‌റുദ്ദീൻ അൽ ഹൂഥി, പേജ് 11).

മരിച്ചവരോട് പ്രാർഥിക്കുന്ന വിഷയത്തിൽ ബദ്‌റുദ്ദീൻ ഹൂഥി തന്നെ പറയുന്നത് കാണുക: "മരിച്ചവരോടും മറഞ്ഞവരോടുമുള്ള പ്രാർഥന പൊതുവിലോ നിരുപാധികമോ ശിർക്കാവുകയില്ല' (അൽ ഈജാസ് ഫി റദ്ദി അലാ ഫതാവൽ ഹിജാസ്, പേജ് 108-109).

*2) അല്ലാഹുവിന്റെ നാമഗുണ വിശേഷണത്തിലെ വിശ്വാസം:*

അല്ലാഹുവിന് സ്വിഫത്തുകൾ (വിശേഷണങ്ങൾ) ഉണ്ടെന്ന് വിശ്വസിച്ചാൽ അത് അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലാണ് എന്ന അഹ്‌ലുൽ കലാമിന്റെ വിശ്വാസമാണ് ഹൂഥികൾ നിലനിർത്തി പ്പോരുന്നത്. അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തെ നിരൂപണം ചെയ്ത് സുന്നികൾ അല്ലാഹുവിന് അവയവങ്ങൾ സ്ഥാപിച്ച മുജസ്സിമികളാണെന്നാണ് ഹൂഥികൾ സമൂഹത്തിൽ പ്രചരിപ്പിക്കാറുള്ളത്. ബദ്‌റുദ്ദീൻ ഹൂഥി പറയുന്നത് കാണുക:

"അവരുടെ വിവരക്കേടിന്റെ ഭാഗമായി അല്ലാഹുവിന് അവയവങ്ങൾ ഉണ്ടെന്നും സൃഷ്ടികളോട് സാദൃശ്യമുള്ളവനാണന്നും അവർ സ്ഥാപിക്കുന്നു. സൃഷ്ടികളോട് സാദൃശ്യമുള്ളവനാണ് അല്ലാഹു എന്നാണ് അവരുടെ വിശ്വാസം. സൃഷ്ടികളെപ്പോലെ അവരുടെ റബ്ബിന് അവയവങ്ങളും രൂപവും ഘടനയുമുണ്ടെന്നാണ് അവർ കരുതുന്നത്. അവർ ആരാധിക്കുന്നത് അവർ രൂപകൽപന ചെയ്തിട്ടുള്ള ഒരു രൂപത്തെയും അവരുടെ മനസ്സുകളിൽ ധരിച്ചുവച്ചിട്ടുള്ള ധാരണകളെയുമാണ്. അവയെ അവർ അല്ലാഹു എന്ന് നാമകരണം ചെയ്യുന്നു. അവർ പറഞ്ഞുണ്ടാക്കിയതിനല്ലാം ഉപരിയാണ് അവൻ. അവൻ എത്ര പരിശുദ്ധൻ! അല്ലാഹുവാണെന്ന് അവർ ജൽപിക്കുന്നത് അല്ലാഹു അല്ലാത്തവനെയാണ്. അതുകാരണമായി അറിവില്ലാതെ അവർ ശിർക്ക് (ബഹുദൈവാരാധന) ചെയ്യുന്നു" (അൽ ഗാറത്തുസ്സരീഅ, പേജ് 547, 548).


നോക്കൂ, അഹ്‌ലുസ്സുന്നയുടെ പേരിൽ ഇവർ പടച്ചുവിടുന്ന വ്യാജ പ്രചരണങ്ങൾ! സുന്നികൾ പ്രമാണമായി കാണുന്ന സ്വിഹാഹുകൾ (സഹീഹായ ഹദീഥുകൾ ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ), സുനനുകൾ (കർമശാസ്ത്ര അധ്യായങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ട ഹദീഥ് ഗ്രന്ഥങ്ങൾ) എന്നിവയെ വിമർശിച്ചുകൊണ്ട് ബദ്‌റുദ്ദീൻ ഹൂഥി തട്ടിവിടുന്നത് കാണുക: "ചുരുക്കത്തിൽ സിഹാഹുകളിൽ ഉൾക്കൊള്ളുന്ന വചനങ്ങളിൽ അല്ലാഹുവിന് ശരീരമുണ്ട്, അവന് നിലനിൽക്കുന്ന സ്ഥലമുണ്ട്, അവൻ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറുന്നു, ചിരി പോലുള്ള (വിശേഷണങ്ങൾ സ്ഥാപിച്ച്) അല്ലാഹുവിന് ഉണ്ടാകാൻ പാടില്ലാത്ത മാറ്റങ്ങൾ അവന് ഉണ്ടാക്കുന്നു

മുതലായ ഭീമാബദ്ധങ്ങൾ ഉണ്ട്. എത്രത്തോളം, അല്ലാഹു അവന്റെ കാലുകളെ നരകത്തിൽ പ്രവേശിപ്പിക്കുമെന്നും നരകം പരസ്പരം ചുരുണ്ടുകൂടി മതി, മതി എന്ന് പറയും (എന്നല്ലാം രേഖപ്പെടുത്തി വെച്ചിരിക്കുന്നു)'' (അൽഗാറതുശ്ശരീഅ, പേജ് 20).

നബി(സ്വ)യിൽനിന്നും സ്ഥിരപ്പെട്ടു വന്ന ഹദീഥുകളിലൂടെ അല്ലാഹുവിന്റെ വിശേഷണങ്ങൾ രേഖപ്പെടുത്തിയതിനെ തന്റെ മുഅ്തസിലി ബുദ്ധികൊണ്ട് വ്യാഖ്യാനിച്ച് അല്ലാഹുവിന് ശരീരമുണ്ട് എന്ന് വാദിക്കുന്നവരാണ് അഹ്‌ലുസ്സുന്നയുടെ ആളുകൾ എന്ന് ഇവർ ആരോപിക്കുന്നു. അല്ലാഹുവിന് അവന്റെ മഹത്ത്വത്തിന് അനുയോജ്യമായ ഉന്നതി, ഇറക്കം, വേഗത്തിൽ വരവ്, ചിരി, സന്തോഷം, ദേഷ്യം, കൈകൾ, കാലുകൾ മുതലായ സ്വിഫതുകൾ ഉണ്ടെന്നത് സ്വഹാബത്ത് മുതൽ ആധുനിക ലോകത്തുള്ള മുഴുവൻ അഹ്‌ലുസ്സുന്നയുടെ പണ്ഡിതരും ഒരു തർക്കവുമില്ലാതെ വിശ്വസിച്ച് പോരുന്ന കാര്യമാണ്. വഴി പിഴച്ച പുത്തൻവാദികൾ മാത്രമാണ് ഈ വിഷയത്തിൽ അബദ്ധത്തിൽ അകപ്പെട്ടത്. തങ്ങളുടെ അബദ്ധങ്ങള സുബദ്ധമായി മനസ്സിലാക്കി യഥാർഥ വിശ്വാസികളെ പരിഹസിക്കുന്ന ഇത്തരം ആളുകളെ നേർമാർഗത്തിലേക്ക് ക്ഷണിക്കുകയും അല്ലാഹു സൻമാർഗ പാതയിൽ നയിക്കട്ടെ എന്ന് പ്രാർഥിക്കുകയും പ്രത്യാശിക്കുകയും ചെയ്യലാണ് നമ്മുടെ ദൗത്യം.

ഹൂഥികൾ അല്ലാഹുവിന്റെ വിശേഷണങ്ങളെ മൂന്നായി വിഭജിക്കുന്നതായി കാണാം: 1) സ്വിഫാതു ഫിഅ്ൽ. 2) സ്വിഫാതു ദാത്ത്. 3) സ്വിഫാതു ദാതിയ്യാത്ത്.

അല്ലാഹു ഒരു കാര്യം പ്രവർത്തിക്കുന്ന ഘട്ടത്തിൽ മാത്രം അല്ലാഹുവിലേക്ക് ചേർത്തിപ്പറയാൻ പറ്റുന്നതും അല്ലാത്ത ഘട്ടത്തിൽ അല്ലാഹുവിനെ തൊട്ട് നിരാകരിക്കുകയും ചെയ്യപ്പെടേണ്ട അല്ലാഹുവിന്റെ വിശേഷണങ്ങളാണ് സ്വിഫാതു ഫിഅ്ൽ. സ്രഷ്ടാവ് (അൽഖാലിക്ക്), ഉപജീവനം നൽകുന്നവൻ (അർറാസിക്ക്), ജീവിപ്പിക്കുന്നവൻ (അൽമുഹ്‌യി), മരിപ്പിക്കുന്നവൻ (അൽമുമീത്ത്) തുടങ്ങിയ വിശേഷണങ്ങളെല്ലാം ഈ ഇനത്തിൽ പെട്ടതാണ്. അവയുടെ കർത്താവ് അല്ലാഹു ആകുന്ന ഘട്ടത്തിൽ മാത്രമെ -മരിപ്പിക്കുമ്പോൾ മാത്രം, അല്ലെങ്കിൽ ജനിപ്പിക്കുമ്പോൾ മാത്രം- ആ വിശേഷണങ്ങൾ അവനിലേക്ക് ചേർത്തിപ്പറയാൻ പാടുള്ളൂ എന്നാണ് ഇവർ വാദിക്കുന്നത്.



അല്ലാഹുവിന്റെ സത്തയിൽ നിലനിൽക്കുന്ന കഴിവ് (അൽക്വുദ്‌റത്ത്), അറിവ് (അൽഇൽമ്), ജീവൻ (അൽഹയാത്ത്), കേൾവി (അസ്സംഅ്), കാഴ്ച (അൽബസ്വർ) മുതലായ സ്വിഫത്തുകളാണ് സിഫാതു ദാത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

എന്നാൽ അല്ലാഹുവിന്റെ ദാത്തിൽ അന്തർലീനവും അതിൽനിന്നും വേർപ്പെടുത്താൻ കഴിയാത്തതുമായ വിശേഷണങ്ങളും അല്ലാഹുവിന് ഉണ്ട്. അവയാണ് സ്വിഫാതു ദാത്തിയ്യത്ത് എന്നത് കൊണ്ട് അർഥമാക്കുന്നത്. അങ്ങനെ വരുമ്പോൾ ആ വിശേഷണങ്ങൾ തന്നെയാണ് അല്ലാഹുവിന്റെ ദാത്ത്, അതല്ലാത്ത വേറെ ഒരു അല്ലാഹു ഇല്ല...'' (അൽ ക്വൗലുസ്സദീദ് ശർഹു മൻദൂമത്തി ഹിദായത്തി റഷീദ് - ഹുസൈൻ യഹ്‌യാ അൽഹൂതി, പേജ് 56, 57).

മുഹമ്മദ് ബദ്‌റുദ്ദീൻ തന്റെ പിതാവിൽനിന്നും ഉദ്ധരിക്കുന്നത് കാണുക: لا يكلّمهم الله എന്നത് അല്ലാഹുവിന്റെ കോപത്തെയും المبسوطتان എന്നത് അല്ലാഹുവിന്റെ ഔദാര്യത്തെയും استوى على العرش എന്നത് സൃഷ്ടികളുടെ മേൽ അല്ലാഹുവിനുള്ള ആധിപത്യത്തെവും അറിയിക്കുന്ന അലങ്കാര പ്രയോഗങ്ങളാണ്'' (അൽബയാൻ ലി മുഫ്‌റദാത്തി അൽഫാദിൽ ക്വുർആൻ, പേജ് 56, 69, 91).

അല്ലാഹു തനിക്ക് ഉണ്ട് എന്ന്

വിശുദ്ധ ക്വുർആനിലൂടെ വ്യക്തമാക്കിയ, അവന്റെ വിശേഷണങ്ങളെ വ്യാഖ്യാനിക്കുക എന്ന വ്യാജേന നിഷേധിക്കുന്ന ആളുകളാണ് ഇവർ എന്നതിന് മറ്റെന്ത് തെളിവാണ് വേണ്ടത്?

അല്ലാഹുവിന്റെ സ്വിഫത്തുകൾ നിഷേധിക്കുന്നതിന്റെ ഒരു ഉദാഹരണം കൂടി കാണുക: ഹുസൈൻ ഹൂഥി പറയുന്നു: “നമ്മുടെ വിശ്വാസത്തിൽ നമ്മൾ പറയുന്നത് ഇതാണ്: മറ്റുള്ളവർ പറയുന്നത് പോലെ അല്ലാഹുവിന് മുഖമുണ്ടെന്ന് നാം പറയുകയില്ല. മറ്റുള്ളവർ പറയുന്നത് പോലെ അല്ലാഹുവിന് കണ്ണുണ്ടെന്ന് നാം പറയുകയില്ല. ഇവയെല്ലാം നമുക്കായി സൃഷ്ടിച്ച അടയാളങ്ങളാണ്. നാം അപൂർണരും... അല്ലാഹു അവന് ഉണ്ടെന്ന് പറഞ്ഞ മുഖത്തിന്റെ രൂപം എന്തെന്ന് എനിക്ക് അറിയില്ല. അത് ഉണ്ടെന്ന് അറിയാം എന്ന് അല്ലാഹുവിന്റെ കാര്യത്തിൽ വിശ്വസിക്കലല്ല അവനെ പരിശുദ്ധനാക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത്. അങ്ങനെയെങ്കിൽ അത് പുതുതായി ഉണ്ടായതാണ് എന്നതിന്റെ അടയാളമാണ്. അല്ലാഹുവിൽ പുതുതായി ഒരു കാര്യം ഉണ്ടാവുക എന്നത് അവന്റെ അപൂർണതയെ ആണ് അറിയിക്കുന്നത്. ഈ കാര്യങ്ങൾ അല്ലാഹുവിന് ഉണ്ടെന്ന് പറയുന്നവൻ അവനെക്കാൾ സമ്പൂർണനാണ്. അങ്ങനെ വരുമ്പോൾ അവൻ ഒരു ആരാധ്യനോ സ്രഷ്ടാവോ അല്ല “ (മഅ്രിഫത്തുല്ലാഹ് - അദ്മത്തുല്ലാഹ്, പേജ് 6,7).

*3 ക്വുർആനും ഹൂഥി വിശ്വാസവും*

ക്വുർആൻ അല്ലാഹുവിന്റെ കലാമും സൃഷ്ടിയുമാണ് എന്നാണ് ഹൂഥികൾ വിശ്വസിച്ച് പോരുന്നത്. ഹുസൈൻ ഹൂഥി പറയുന്നത് കാണുക: “ക്വുർആൻ അല്ലാഹുവിന്റെ കലാമും സൃഷ്ടിയുമാണ്. കാരണം അല്ലാഹുവിന്റെ സംസാരം അവന്റെ പുതിയ പ്രവർത്തനമാണല്ലോ. എല്ലാ പ്രവർത്തനങ്ങളും ഉണ്ടാവുക എന്നത് അനിവാര്യമാണ്. അല്ലെങ്കിൽ പ്രപഞ്ചം മുമ്പേ ഉള്ളതാണ് എന്ന് പറയേണ്ടിവരും...” (അൽ ഖൗലുസ്സദീദ്, പേജ് 86).

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെയും അവന്റെ സ്വിഫാത്തുകളെയും പ്രപഞ്ചത്തെ നോക്കിക്കാണുന്ന വീക്ഷണ കോണുകളിലൂടെ നോക്കിക്കാണുകയും, അതിനായി ചില തത്ത്വങ്ങൾ എഴുതിത്തയ്യാറാക്കി, അതിൽ പിഴവ് വരില്ലെന്നു വാദിക്കുകയും അതിനെതിരിൽ പ്രമാണങ്ങളിൽ വല്ലതും വന്നാൽ ഉണ്ടാക്കിവച്ച സിദ്ധാന്തങ്ങൾക്ക് അനുഗുണമായി വ്യാഖ്യാനിച്ച് പ്രമാണങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന പിഴച്ച കക്ഷികളുടെ പിൻഗാമികളാണ് ഹൂഥികൾ എന്നതിന്റെ നേർചിത്രങ്ങളാണ് അവരുടെ വിശ്വാസ ഗ്രന്ഥങ്ങൾ എന്നത് സൂചിപ്പിക്കാതെ നിർവാഹമില്ല.

ക്വുർആൻ അല്ലാഹുവിന്റെ സംസാരമാണ് സൃഷ്ടിയല്ല എന്ന് ഇമാം അഹ്മദ് ബിൻ ഹമ്പൽ (റഹി) പ്രമാണബദ്ധമായി സ്ഥാപിച്ചതിനെ നിരൂപണം ചെയ്യുക എന്ന പേരിൽ ഒരു ഗ്രന്ഥം തന്നെ ഹുസൈൻ ഹൂഥി രചിച്ചിട്ടുണ്ട്. പ്രമാണങ്ങൾക്കും ബുദ്ധിക്കും പ്രകൃതിക്കും നിരക്കാത്ത കുറെ അബദ്ധവാദങ്ങൾ കുമിഞ്ഞ് കൂടിയതാണ് ആ മറുപടിയെന്ന് ബുദ്ധിയുള്ള, പ്രമാണം അറിയുന്ന ഏതൊരാൾക്കും മനസ്സിലാകും.

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെയും അവന്റെ സ്വിഫാത്തുകളെയും പ്രപഞ്ചത്തെ നോക്കിക്കാണുന്ന വീക്ഷണ കോണുകളിലൂടെ നോക്കിക്കാണുകയും, അതിനായി ചില തത്ത്വങ്ങൾ എഴുതിത്തയ്യാറാക്കി, അതിൽ പിഴവ് വരില്ലെന്നു വാദിക്കുകയും അതിനെതിരിൽ പ്രമാണങ്ങളിൽ വല്ലതും വന്നാൽ ഉണ്ടാക്കിവച്ച സിദ്ധാന്തങ്ങൾക്ക് അനുഗുണമായി വ്യാഖ്യാനിച്ച് പ്രമാണങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന പിഴച്ച കക്ഷികളുടെ പിൻഗാമികളാണ് ഹൂഥികൾ എന്നതിന്റെ നേർചിത്രങ്ങളാണ് അവരുടെ വിശ്വാസ ഗ്രന്ഥങ്ങൾ എന്നത് സൂചിപ്പിക്കാതെ നിർവാഹമില്ല.

അലി(റ)യുടെ ഖിലാഫത്തിന്റെ വിഷയത്തിൽ അനീതി കടന്നുകൂടി എന്ന് വാദിക്കുന്നത് പോലെ ക്വുർആൻ ക്രോഡീകരണത്തിലും അനീതി കടന്നുകൂടിയിട്ടുണ്ട് എന്ന് വിശ്വസിക്കുന്നവരാണ് ഹൂഥികൾ. ആ ആരോപണം നബി(സ)യുടെ ഖലീഫമാരായ അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ) എന്നിവരിൽ മാത്രം പരിമിതപ്പെടുന്നില്ല; യാഥാർഥ വിശ്വാസി സമൂഹം മുഴുവൻ ആരോപണ വിധേയരാണെന്നതാണ് വാസ്തവം.

ഹുസൈൻ ഹൂഥി പറയുന്നു: “നബിയെയും നബികുടുംബത്തെയും നാം നോക്കിക്കാണുമ്പോൾ അലി ക്വുർആനിനൊപ്പവും കുർആൻ അലിക്കൊപ്പവുമാണ്. അതുകൊണ്ട് അലി പുറത്താക്ക

പ്പെട്ടിട്ടുണ്ടെങ്കിൽ ക്വുർആനിൽനിന്നും അദ്ദേഹത്തിന്റെ കൂടെ കാര്യങ്ങൾ പുറത്താക്കപ്പെടൽ ഉണ്ടാകുമെന്ന് ഉറപ്പിച്ച് പറയാം. കാരണം അലി ക്വുർആനിന്റെ ആത്മ മിത്രമാണ്. അലി പുറത്താക്കപ്പെട്ടിട്ടും ക്വുർആൻ യഥാവിധി നിലനിൽക്കുന്നു എന്നും അത് ജീവിച്ചുകൊണ്ടിരിക്കുന്നുവെന്നും സങ്കൽപിക്കുക അസാധ്യമാണ്. അപ്രകാരം നാം പറയുന്നുവെങ്കിൽ നമ്മളെല്ലാം കളവു പറയുന്നവരാണ്'' (ദിക്റാ ഇസ്തിശ്ഹാദുൽ ഇമാം അലി, പേജ് 2).

എന്തുമാത്രം ദുഷിച്ച ചിന്തകളാണ് ഇവർ വിശുദ്ധ ക്വുർആനിനെ കുറിച്ചും സ്വഹാബത്തിനെ കുറിച്ചും വെച്ചുപുലർത്തുന്നത്! ഇത്തരം ആശയങ്ങളുടെ വിഷ വിത്തുക്കളാണ് അവരുടെ പള്ളിക്കൂടങ്ങളിൽ അവർ വിളയിച്ചെടുക്കുന്നത്. അവരിൽനിന്നും യഥാർഥ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എങ്ങനെ ഗുണം പ്രതീക്ഷിക്കാൻ കഴിയും? എന്നിട്ടും കഥയറിയാത്ത പലരും ഇവരെ ഇസ്‌ലാമിക വിമോചക സംഘമായി പരിചയപ്പെടുത്തികൊണ്ടിരിക്കുന്നു!

*4) ഹദീഥുകളും ഹൂഥികളും*

മുസ്‌ലിംലോകം ഒന്നടങ്കം അംഗീകരിക്കുന്ന വിശുദ്ധ ക്വുർആനിനെ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അംഗീകരിക്കാത്തവർ നബിവചനങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കുന്നതിൽ അത്ഭുതപ്പെടാനില്ല. പിഴച്ച കക്ഷികളുടെ പൊതുസ്വഭാവമാണ് നബിചര്യയെ നിരാകരിക്കൽ. ഹൂഥികളും ഹദീഥ്നിഷേധം ജീവിതത്തിന്റെ ഭാഗമാക്കിയവരാണ്. അഹ്ലുസ്സുന്നയുടെ പണ്ഡിതർ അംഗീകരിച്ചു പോരുന്ന നബിവചനങ്ങളെയോ ഹദീഥ് പണ്ഡിതൻമാരെയോ ഇവർ സ്വീകരിക്കുന്നില്ല.

ഹദീഥ് രംഗത്ത് അമീറുൽ മുഅ്മിനീൻ എന്ന അപരനാമം ലഭിച്ച ഇമാം ബുഖാരി, മുസ്‌ലിം തുടങ്ങിയ പണ്ഡിതന്മാരെ കുറിച്ച് ഹൂഥികളുടെ നേതാവായ ബദ്റുദ്ദീൻ അൽഹൂഥി പറയുന്നത് കാണുക: "സൈദികളും ഇമാമികളും മറ്റുള്ള വിഭാഗങ്ങളുമെല്ലാം ഇബ്ന് ഹസ്മിന്റെ അസ്ഹാബുകളായ ബുഖാരി, മുസ്‌ലിം, അതോടൊപ്പം തന്നെ അവരോട് യോജിച്ചു പോരുന്നവർ എന്നിവരുടെയൊന്നും നിവേദനങ്ങൾ പരിഗണിക്കുവാൻ പാടില്ല എന്നതിൽ ഏകാഭിപ്രായക്കാരാണ്. അവരുടെ ഗ്രന്ഥങ്ങൾ ശിയാക്കൾക്കിടയിൽ ഒരു അവലംബമായിരുന്നെങ്കിൽ ബുഖാരിയുടെയും മുസ്‌ലിമിന്റെയും കൂട്ടാളികൾക്കിടയിൽ ഉള്ളതുപോലെ ശിയാക്കൾക്കിടയിലും പ്രചാരത്തിലുള്ള നിരവധി പ്രശസ്തമായ ഗ്രന്ഥങ്ങളുടെ പദവി അവക്ക് ലഭിക്കുമായിരുന്നു'' (തഹ്‌രീറുൽ അഫ്കാർ, പേജ് 56).

അബൂഹുറയ്റ(റ)യെ കുറിച്ച് ബദ്റുദ്ദീൻ അൽഹൂഥി പറയുന്നത് കാണുക: "നമ്മുടെയടുക്കൽ ദുർബലനാണ്. അദ്ദേഹത്തെ തെളിവുദ്ധരിക്കൽ നമ്മുടെയടുക്കൽ ശരിയാവുകയില്ല...'' (തഹ്‌രീറുൽ അഫ്കാർ പേ:128)

അബ്ദുല്ലാഹ് ബിൻ അൽഹാദീ എന്ന ശിയാ പണ്ഡിതനിൽ നിന്നും ബദ്റുദ്ദീൻ അൽഹൂഥി ഉദ്ധരിക്കുന്നത് കാണുക: "അബൂഹുറയ്റയുടെ ഹദീഥുകൾ അദ്ദേഹത്തിന്റെ പക്കൽ നിന്നുള്ളതാണ്. അദ്ദേഹം ഇസ്‌ലാമിൽ പിൽക്കാലക്കാരനാണ്. അദ്ദേഹത്തിന്റെ പക്കൽ നബിയിലേക്ക് ചേർത്തിപ്പറയാവുന്ന ഒന്നുമില്ല. അദ്ദേഹത്തിന്റെ വാക്കുകളുടെ വിധി നമ്മുടെ പക്കൽ മരീചികയുടെ വിധി പോലെയാണ്. അദ്ദേഹം വിശ്വാസികളുടെ നേതാവും നീതിമാന്മാരുടെ നായകനുമായ അലിയിൽ(റ) നിന്നും വേർപ്പെട്ട് മുആവിയുടെ കൂടെ നിന്ന് പ്രവർത്തിച്ച ആളാണ്. വിവരദോഷികളല്ലാതെ അത് അറിയാതെ പോവുകയില്ല. മാത്രമല്ല അദ്ദേഹത്തിന്റെ വിശ്വസ്തതയെ നമ്മുടെ ഇമാമുമാർ ചോദ്യം ചെയ്തിട്ടുമുണ്ട്'' (തഹ്‌രീറുൽ അഫ്കാർ, പേജ് 135).

നബി(സ്വ)യിൽ നിന്നും ഏറ്റവും കൂടുതൽ ഹദീഥുകൾ ഉദ്ധരിച്ച അബൂ ഹുറയ്റ(റ)യെ വിമർശിക്കലും അദ്ദേഹത്തെ വെറുക്കലും അയാളുടെ ഈമാൻ ശരിയല്ല എന്നു പറയുന്നതിന്റെ പ്രകടമായ ഉദാഹരണമാണ്. അബൂഹുറയ്റ(റ)ക്കും അദ്ദേഹത്തിന്റെ മാതാവിനും വേണ്ടി നബി(സ്വ) അല്ലാഹുവോട് ഇപ്രകാരം പ്രാർഥിച്ചതായി കാണാം: "അല്ലാഹുവേ, നിന്റെ ഈ ദാസനെയും (അബൂഹുറയ്റ) അദ്ദേഹത്തിന്റെ മാതാവിനെയും നിന്റെ അടിമകളിൽ നിന്നുള്ള വിശ്വാസികൾക്ക് നീ പ്രിയങ്കരന്മാരാക്കിത്തീർക്കണേ.''

വിശ്വാസികൾക്ക് മാത്രമെ അദ്ദേഹത്തെ സ്നേഹിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാം.

ഇവിടെ അവസാനിക്കുന്നില്ല ഇവരുടെ പിഴച്ച വാദങ്ങളും വിശ്വാസങ്ങളും. ഹൂഥികൾ മഹത്ത്വവൽക്കരിക്കപ്പെടുന്ന ആധുനിക കാലഘട്ടത്തിൽ അവരുടെ യഥാർഥ നിറം സമൂഹം തിരിച്ചറിയേണ്ടതുണ്ട് എന്ന ബോധ്യമാണ് ഈ ലേഖനമെഴുതാൻ പ്രചോദനം. ■

മൂസ സ്വലാഹി കാര
: 97473 45768



# മൗദൂദിയുടെ ‘സങ്കൽപം’ സമ്പൂർണ ഇസ്‌ലാമോ?

മൗദൂദിയുടെ വല്ല വീക്ഷണത്തോടും ജമാഅത്തിന് എതിർപ്പുണ്ടോ? ഉണ്ടെങ്കിൽ അത് സമൂഹത്തിനു മുമ്പിൽ വിശദമാക്കാൻ തയ്യാറുണ്ടോ?

ഇസ്‌ലാമിന്റെ ആത്മാവായ തൗഹീദിനെ വികലമാക്കി അവതരിപ്പിച്ചും പ്രമാണ വചനങ്ങളെ സ്വന്തം താൽപര്യമനുസരിച്ച് വ്യാഖ്യാനിച്ചും രംഗത്തു വന്ന, ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ മൗദൂദി സാഹിബിൻെറ നൂതനമായ ഒരു സങ്കൽപമാണ് ‘ഹുകൂമത്തെ ഇലാഹി’ ഇല്ലാതെ ഇസ്‌ലാം സമ്പൂർണമാകില്ല എന്നത്. അത് സ്ഥാപിക്കാനായി ആരാധന(ഇബാദത്ത്)യെ അനുസരണത്തിലേക്കും അടിമത്തത്തിലേക്കും പരമാവധി ഒപ്പിച്ചൊതുക്കാൻ അദ്ദേഹം ശ്രമിച്ചു.

മൗദൂദിയുടെ മാർഗത്തെ ഇന്നും പൊന്നുപോലെ ജമാഅത്തെ ഇസ്‌ലാമിക്കാർ സൂക്ഷിച്ച് പോരുന്നുണ്ട്. അവർ എഴുതിയത് കാണുക:

“മറ്റു മതങ്ങളെപ്പോലെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങുന്ന മതമാണ് ഇസ്‌ലാം എന്നാണവർ ധരിച്ചിരിക്കുന്നത്. ഖിലാഫത്തിന്റെ

> അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ പിന്തുടർന്ന് പോരുന്ന ആശയവും മൗദൂദി മുന്നോട്ടുവച്ചതും ഒന്നുതന്നെയാണെങ്കിൽ പിന്നെന്തിനാണ് 'തജ്ദീദെ ഈമാൻ' (ഈമാൻ പുതുക്കുക) എന്നതിലേക്ക് അദ്ദേഹം തിരിഞ്ഞത്? ശരിയായ പ്രബോധന പ്രവർത്തനങ്ങൾക്ക് കാർമികത്വം വഹിച്ചവർക്കൊന്നും ശഹാദത്ത് മാറ്റിച്ചൊല്ലി സമൂഹത്തിന് മുന്നിൽ നിൽക്കേണ്ടി വന്നിട്ടില്ല.

പതനത്തിന് ശേഷം ഇസ്‌ലാമിന്റെ രാഷ്ട്രീയ വ്യവസ്ഥ ലോകത്ത് ഇല്ലാതാവുകയും മുസ്‌ലിം സമുദായം ചില ആചാരാനുഷ്ഠാനങ്ങളിൽ മാത്രം കഴിഞ്ഞുകൂടുകയും ചെയ്ത സന്ദർഭത്തിലാണ്, സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ഇസ്‌ലാമിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ഉള്ളടക്കങ്ങൾ തർജുമാനുൽ ഖുർആൻ എന്ന മാസികയിലൂടെ മുസ്‌ലിം സമുദായത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. തന്റെ ആശയങ്ങളല്ല, ഖുർആനിക ആശയങ്ങളായ ഹാകിമിയ്യത്തിന്റെയും ഖിലാഫത്തിന്റെയും വിശദാംശങ്ങളാണ് മൗദൂദി സാഹിബ് പ്രചരിപ്പിച്ചത്. ഇതിൽ ആകൃഷ്ടരായ എഴുപതോളം ഇസ്‌ലാമിക പണ്ഡിതന്മാർ ചേർന്നു രൂപം നൽകിയതാണ് ജമാഅത്തെ ഇസ്‌ലാമി" (പ്രബോധനം, 2025 ജനുവരി 24, പേജ് 6).

ഇസ്‌ലാമിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ഉള്ളടക്കങ്ങൾ നൂറ്റാണ്ടുകളായി വിസ്മൃതിയിലായിരുന്നുവെന്നും ഭരണമില്ലാത്ത അപൂർണമായ, ചില ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങുന്ന ഇസ്‌ലാമിനെയായിരുന്നു ജനങ്ങൾക്ക് പരിചയമെന്നുമൊക്കെയാണ് മൗദൂദി പറഞ്ഞുവച്ചതിന്റെ ആകെത്തുക.

### ഹൂകുമത്തെ ഇലാഹിയും സമ്പൂർണ ഇസ്‌ലാമും

വ്യതിയാന വിഭാഗങ്ങളിലെ കൊടിയ വിഷമായ ഖവാരിജുകളോട് അനുനയം പുലർത്തി ഇഖ്‌വാനിസത്തെ പാലൂട്ടി വളർത്താൻ രംഗത്ത് വന്നവർക്കെല്ലാം പ്രചോദനമായ, മൗദൂദിയുടെ 'ദൈവിക ഭരണം' എന്ന നയത്തെ ഇസ്‌ലാമിന്റെ സമ്പൂർണതയായും അതിന് ബദലായും പ്രബോധനം അവതരിപ്പിക്കുന്നത് വായിക്കാം:

'1940കളിൽ മുസ്‌ലിം സമുദായത്തിലെ യാഥാസ്ഥിതിക, ഉൽപതിഷ്ണു വിഭാഗങ്ങൾ തമ്മിലുള്ള തർക്കവിതർക്കങ്ങളാൽ ബഹളമുഖരിതമായ അന്തരീക്ഷത്തിലാണ് ഇസ്‌ലാമിനെ സമ്പൂർണ ജീവിതദർശനവും പ്രത്യയശാസ്ത്രവുമായി അവതരിപ്പിച്ച് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി സാഹിബിന്റെ ഏതാനും കൃതികളുടെ മലയാള തർജമയും വി.പി മുഹമ്മദലി സാഹിബിന്റെയും വിരലിലെണ്ണാ

വുന്ന സഹപ്രവർത്തകരുടെയും പ്രസംഗ പരിപാടികളും മാത്രമായിരുന്നു അന്ന് ആദർശ പ്രചാരണത്തിനുള്ള ഉപാധികൾ” (പ്രബോധനം സ്പെഷ്യൽ പതിപ്പ് 2024, പേജ് 12).

‘ആധുനിക കാലഘട്ടത്തിലെ വിവിധ ദർശനങ്ങളെ നിരൂപണാത്മകമായി വിലയിരുത്തുക, ഇസ്‌ലാമിനെ ഒരു ബദലായി അവതരിപ്പിക്കുക, പുതിയ പ്രശ്നങ്ങൾക്ക് ഇസ്‌ലാമിൽ നിന്നുകൊണ്ട് പരിഹാരം നിർദേശിക്കുക എന്നിവയിലായിരുന്നു പ്രബോധനത്തിന്റെ ഊന്നൽ” (പ്രബോധനം, 2024 ഡിസംബർ 27, പേജ് 5).

രൂപീകരണം മുതൽക്കേ പ്രമാണ വിരുദ്ധ അടിസ്ഥാനത്തിന്മേൽ അസ്തിത്വം കെട്ടിപ്പടുത്തവർ ഇസ്‌ലാമിന്റെ സമ്പൂർണതയും ബദലുമാകുന്നതെങ്ങനെയാണ്? ആദ്യകാലത്തെ അവരുടെ റിപ്പോർട്ട് ക്രോഡീകരിക്കപ്പെട്ട ‘റൂദാദ് ജമാഅത്തെ ഇസ്‌ലാമി’ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണാം:

“ജമാഅത്ത് അമീർ അവർകളേ, റഫീഖുകളേ, നമ്മുടെ ലക്ഷ്യവും ജീവിതോദ്ദേശ്യവും ദുൻയാവിൽ ഹുകൂമത്തെ ഇലാഹിയ്യയുടെ സംസ്ഥാപനത്തിനുള്ള ശ്രമവും പരലോകത്ത് ദൈവ പ്രീതിയാർജിക്കലുമാണെന്ന് നിങ്ങൾക്കറിയാവുന്നതാണല്ലോ. മനുഷ്യൻ തന്റെ വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയവും നാഗരികവും സാമ്പത്തികവും മറ്റുമായ രംഗങ്ങളിലെല്ലാം റബ്ബും ഇലാഹുമായ ഒരുവന്റെ മാത്രം അടിമയായിരിക്കുക എന്നതാണ് അതിന്റെ വിവക്ഷ” (ഭാഗം മൂന്ന്, പേജ് 17).

പ്രവാചകന്മാർ മുഴുവനും പ്രതികളാക്കപ്പെടുന്ന വാദമാണിത്! ‘നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക’ എന്ന അവരോടുള്ള കൽപനയെ മറയാക്കിയാണ് ഇവർ തങ്ങളുടെ ഈ തെറ്റായ ചിന്തക്ക് തുണയിരിക്കുന്നത്. സംശുദ്ധമായ മതത്തെ പരിപൂർണമായി പ്രബോധനം നടത്തിയ പ്രവാചകന്മാർ എല്ലാ മേഖലകളിലും വിജയം കണ്ടവരാണ്. അവരെല്ലാവരും ‘ഹുകൂമത്തെ ഇലാഹിയ്യ’ സ്ഥാപിച്ച് വിടപറഞ്ഞവരല്ല. അതിനാൽ അവരുടെ ഇസ്‌ലാം അപൂർണമായിട്ടില്ല, അവരുടെ പ്രബോധനത്തിൽ ന്യൂനത വന്നിട്ടുമില്ല. അവരെ നേരാംവണ്ണം പിൻപറ്റുന്നവർ കൽപിക്കപ്പെട്ടത് അല്ലാഹുവിന്റെ സന്ദേശം അവനെ മാത്രം ആരാധിച്ച് സമൂഹത്തിലേക്ക് എത്തിക്കാനാണ്, അല്ലാതെ അത് അടിച്ചേൽപിക്കാനല്ല.

> ജമാഅത്തുകാരെ സംബന്ധിച്ചിടത്തോളം മൗദൂദിയെ തൊട്ടാൽ പൊള്ളുന്ന അവസ്ഥയിലാണിപ്പോൾ. അവർക്ക് നേരെയുള്ള വിമർശനങ്ങളെ വടിച്ച് മാറ്റും തോറും കറങ്ങിത്തിരിഞ്ഞ് മൗദൂദി വരച്ചതിൽ തന്നെയാണവർ വന്നുചേരുന്നത്. അദ്ദേഹത്തിന്റെ വാദങ്ങൾ നിറഞ്ഞ് നിൽക്കുന്ന ഏകദേശം എല്ലാ പുസ്തകങ്ങളും അടിത്തട്ടിലുള്ളവർ വരെ വായിച്ച് പഠിക്കൽ നിർബന്ധമാണെന്ന നിലപാട് സംവിധാനത്തിന് തകരാറിലാക്കുമെന്ന് ഉറപ്പായപ്പോൾ കുരുക്കഴിക്കാൻ പുതുമ കൂടിയ ന്യായീകരണവുമായിട്ടാണ് രംഗത്തിറങ്ങിയിരിക്കുന്നത്:

അല്ലാഹു പറയുന്നു: “അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും, അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (അല്ലാഹുവിന്റെ നടപടി). കണക്ക് നോക്കുന്നവനായി അല്ലാഹു തന്നെ മതി” (33:39).

ശൈഖ് നാസ്വിറുസ്സഅദി(റ)പറയുന്നു: “പ്രവാചകന്മാർ നിലനിർത്തിയതും നിർവഹിച്ചതുമായ കാര്യം അല്ലാഹുവിലേക്കുള്ള പ്രബോധനവും യാതൊരുവിധ ന്യൂനതയുമില്ലാതെ അവനെ മാത്രം ഭയന്ന് കൽപ്പിക്കപ്പെട്ടവ ചെയ്തും വിരോധിക്കപ്പെട്ടവ വെടിഞ്ഞും ചുമതല ഏറ്റവും നന്നായി പൂർത്തിയാക്കി എന്നതാണ്.”

### ‘നവമുസ്‌ലിം’-ജമാഅത്തുകാർക്ക് ജവാബുണ്ടോ?


അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ പിന്തുടർന്ന് പോരുന്ന ആശയവും മൗദൂദി മുന്നോട്ടുവച്ചതും ഒന്നുതന്നെയാണെങ്കിൽ പിന്നെന്തിനാണ് ‘തജ്ദീ

ദെ ഈമാൻ' (ഈമാൻ പുതുക്കുക) എന്നതിലേക്ക് അദ്ദേഹം തിരിഞ്ഞത്? ശരിയായ പ്രബോധന പ്രവർത്തനങ്ങൾക്ക് കാർമികത്വം വഹിച്ചവർക്കൊന്നും ശഹാദത്ത് മാറ്റിച്ചൊല്ലി സമൂഹത്തിന് മുന്നിൽ നിൽക്കേണ്ടി വന്നിട്ടില്ല. അനുയായികൾ കർമോത്സുകരാകാനുള്ള മാർഗം അവർ തന്നെ എഴുതിയത് കാണുക:

"ഇപ്പോൾ നമ്മുടെ പ്രവർത്തനം ആജ്ഞയിലൂടെയല്ല നടന്നുവരുന്നത്. പ്രവർത്തകർ സ്വയം പ്രേരിതരായി കർമസജ്ജരാവുകയാണ്. ഈമാൻ പുതുക്കുക (തജ്ദീദെ ഈമാൻ) വഴി അവരുടെമേൽ വന്നുചേർന്ന ഉത്തരവാദിത്തം യഥാവിധം ഗ്രഹിച്ച് ഹൃദയസാന്നിധ്യത്തോടെ പ്രവർത്തിക്കുന്നുവോ എന്നാണ് നാം നിരീക്ഷിക്കുന്നത്" (റൂദാദ്, ഭാഗം മൂന്ന്, പേജ് 22).

ജമാഅത്ത് രൂപീകരിക്കാനായി 1941ൽ തെരഞ്ഞെടുക്കപ്പെട്ടർ നടത്തിയ യോഗത്തിന്റെ രണ്ടാം ദിവസം മൗദൂദിയുടെ നേതൃത്വത്തിൽ 'നവമുസ്‌ലിം' പ്രഖ്യാപനം നടത്തുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് കേരള ഹൽഖ പ്രസിദ്ധീകരിച്ച റൂദാദിന്റെ ഒന്നാം ഭാഗത്തിൽ നിന്ന് വായിക്കാം:

"അനന്തരം എഴുന്നേറ്റ് നിന്ന് അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്ന് ആവർത്തിച്ചുകൊണ്ട്




അദ്ദേഹം പറഞ്ഞു: 'ജനങ്ങളേ! നിങ്ങൾ സാക്ഷികളാവുക. ഞാനിപ്പോൾ ഒരു നവമുസ്‌ലിമാണ്. ഞാൻ ജമാഅത്തിൽ അംഗമായി ചേരുന്നു.' പിന്നീട് മുഹമ്മദ് മൻസൂർ നുഅ്മാനി സാഹിബ് എഴുന്നേറ്റ് നിൽക്കുകയും മൗദൂദിയെപ്പോലെത്തന്നെ പുനർവിശ്വാസ പ്രഖ്യാപനം നടത്തുകയും ചെയ്തു. ശേഷം സദസ്സിലുള്ളവരെല്ലാം ഈ പ്രക്രിയ ആർത്തിച്ചു. പലരുടെയും കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഏതാണ്ടെല്ലാവരും ശഹാദത്ത് പ്രഖ്യാപിച്ചപ്പോൾ ഉത്തരവാദിത്തബോധം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു. സത്യപ്രതിജ്ഞാകർമം അവസാനിച്ചതോടുകൂടി മൗദൂദി സാഹിബ് ജമാഅത്തെ ഇസ്‌ലാമി നിലവിൽവന്നതായി പ്രഖ്യാപിച്ചു" (പേജ് 17).

ഈ ആശയം കണ്ടെത്തും വരെയും ഇവരുടെ ഇസ്‌ലാമിന്റെ അവസ്ഥ എന്തായിരുന്നു? അതിനു മുമ്പ് ലോക മുസ്‌ലിംകളുടെയൊക്കെ ഇസ്‌ലാം അപൂർണമായിരുന്നോ? കേരള ഹൽഖ അമീർ മുതൽ കാർകുനും റുക്നുമെല്ലാം ഈ വിശ്വാസപ്പുതുക്കൽ രഹസ്യമായോ പരസ്യമായോ ഇപ്പോഴും നടത്തിവരുന്നുണ്ടോ? പുതുതായി ജമാഅത്തിൽ അംഗമാകുന്നവർക്ക് ഈ പുതുക്കൽ നിർബന്ധമാണോ അല്ലേ?

### ജമാഅത്തുകാർക്ക് മൗദൂദി 'ഊരാക്കുരുക്ക്' തന്നെ!

ജമാഅത്തുകാരെ സംബന്ധിച്ചിടത്തോളം മൗദൂദിയെ തൊട്ടാൽ പൊള്ളുന്ന അവസ്ഥയിലാണിപ്പോൾ. അവർക്ക് നേരെയുള്ള വിമർശനങ്ങളെ വടിച്ച് മാറ്റും തോറും കറങ്ങി

ത്തിരിഞ്ഞ് മൗദൂദി വരച്ചതിൽ തന്നെയാണവർ വന്നുചേരുന്നത്. അദ്ദേഹത്തിന്റെ വാദങ്ങൾ നിറഞ്ഞ് നിൽക്കുന്ന ഏകദേശം എല്ലാ പുസ്തകങ്ങളും അടിത്തട്ടിലുള്ളവർ വരെ വായിച്ച് പഠിക്കൽ നിർബന്ധമാണെന്ന നിലപാട് സംവിധാനത്തിന് തകരാറിലാക്കുമെന്ന് ഉറപ്പായപ്പോൾ കുരുക്കഴിക്കാൻ പുതുമ കൂടിയ ന്യായീകരണവുമായിട്ടാണ് രംഗത്തിറങ്ങിയിരിക്കുന്നത്:

"ജമാഅത്തെ ഇസ്‌ലാമി കേരള അമീർ മുജീബുറഹ്മാനും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ജനറൽ സെക്രട്ടറി ടി.ആരിഫലിയും മൗദൂദിയുടെ ആദർശത്തിൽനിന്ന് ജമാഅത്തെ ഇസ്‌ലാമി പിന്മാറിയിരിക്കുന്നു, അദ്ദേഹത്തെ തള്ളിപ്പറയുന്നു എന്ന് തുടങ്ങിയ ചർച്ചകളും പ്രചാരണങ്ങളും മാധ്യമങ്ങളിൽ പൊടിപൊടിക്കുകയാണിപ്പോൾ. ബന്ധപ്പെട്ടവർ ഈ ആരോപണം വസ്തുനിഷ്ഠമായി നിഷേധിക്കുമ്പോഴും അവാസ്തവികമായ പ്രോപഗണ്ടക്ക് കുറവില്ല. മൗദൂദിയുടെ എല്ലാ അഭിപ്രായങ്ങളോടും ജമാഅത്ത് യോജിക്കുന്നില്ല എന്ന പ്രസ്താവനയാണ് ഇവർക്കുള്ള പിടിവള്ളി" (പ്രബോധനം, 2025 ജനുവരി 17, പേജ് 9).


ഇത് വായിക്കുന്നവർക്ക് എന്താണ് മനസ്സിലാവുക? മൗദൂദിയുടെ ആദർശത്തിൽനിന്ന് ജമാഅത്തെ ഇസ്‌ലാമി പിന്മാറിയിരിക്കുന്നു, അദ്ദേഹത്തെ തള്ളിപ്പറയുന്നു എന്നത് ആരോപണം മാത്രമാണ് എന്നല്ലേ? മൗദൂദിയുടെ വല്ല വീക്ഷണത്തോടും ജമാഅത്തിന് എതിർപ്പുണ്ടോ? ഉണ്ടെങ്കിൽ അത് സമൂഹത്തിനു മുമ്പിൽ വിശദമാക്കാൻ തയ്യാറുണ്ടോ?





അബ്ദുൽ ജബ്ബാർ മദീനി


# ദീക്ഷാകാലവും ദുഃഖാചരണവും



ഇദ്ദ(ദീക്ഷാകാലം)യുടെ നിർവചനം: 'അദ്ദ' എന്ന ക്രിയയുടെ ക്രിയാധാതുവാകുന്നു 'ഇദ്ദ.' അതാകട്ടെ അദദ്, ഇഹ്സാഅ് (എണ്ണം, ക്ലിപ്തിനിർണയം) എന്നതിൽനിന്ന് എടുക്കപ്പെട്ടതാണ്; എണ്ണുന്നതിൽ ശുദ്ധിഘട്ടവും മാസങ്ങളും ഇദ്ദ ഉൾക്കൊണ്ടതിനാൽ.

വിവാഹമുക്തയായ സ്ത്രീ അല്ലാഹുവിനുള്ള ഇബാദത്തെന്നോണമോ ഭർത്താവിന്റെ വിയോഗത്തിൽ നൊമ്പരപ്പെട്ടോ ഗർഭമുക്തയാണെന്ന് ഉറപ്പുവരുത്തുവാനോ കാത്തിരിക്കുന്നതിനുള്ള നിർണിത കാലത്തിനാണ് 'ഇദ്ദ' എന്നു മതപരമായി പറയുക. ത്വലാകിന്റെയോ നിര്യാണത്തിന്റെയോ അനന്തരഫലമാണ് ഇദ്ദ.

വംശങ്ങൾ പരസ്പരം കലരാതിരിക്കുവാൻവേണ്ടി ഭാര്യ ഗർഭമുക്തയാണെന്നറിയുകയാണ് ഇദ്ദ മതപരമാക്കിയതിലെ പൊരുൾ. മടക്കിയെടുക്കുവാനുതകും വിധമുള്ള റജ്ഇയ്യായ ത്വലാക്വ് നടത്തിയ ഭർത്താവ് ഖേദിക്കുന്ന പക്ഷം അവന് പുനർവിചാരണക്ക് അവസരമേകലും ഗർഭിണിയായിരിക്കെയാണ് വേർപിരിയലെങ്കിൽ ഗർഭത്തിലെ കുഞ്ഞിനുള്ള അവകാശം സംരക്ഷിക്കപ്പെടലും ഇദ്ദയുടെ പൊരുളുക ളിൽ പെട്ടതാണ്.



**ഇദ്ദ മതപരമാണെന്നതിന്റെ തെളിവ്**

ഇദ്ദ മതപരമെന്നതിന്റെയും നിർബന്ധമെന്നതിന്റെയും തെളിവ് ക്വുർആനും തിരുസുന്നത്തും ഇജ്മാഉമാകുന്നു. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞു:

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയും വരെ) കാത്തിരിക്കേണ്ടതാണ്” (ക്വുർആൻ 2:228).

“നിങ്ങളുടെ സ്ത്രീകളിൽനിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധി ച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടെതും അങ്ങനെ തന്നെ. ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു” (ക്വുർആൻ 65:4).

“നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലുമാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്” (ക്വുർആൻ 2: 234).

മിസ്‌വർ ഇബ്നുമഖ്റമ(റ) പറഞ്ഞു: “സുബയ്അത്തുൽ അസ്‌ലമിയ്യ(റ) അവരുടെ ഭർത്താവ് മരിച്ച് ഏതാനും രാത്രികൾക്കുശേഷം പ്രസവിച്ചു. പ്രസവാനന്തരം അവർ തിരുനബി(സ്വ) യുടെ അടുക്കൽ ചെന്ന് തനിക്കു വിവാഹം കഴിക്കുവാൻ അനുവാദം തരണമെന്ന് അപേക്ഷിക്കുകയും അതനുസരിച്ച് തിരുമേനി അവർക്ക് അനുവാദം നൽകുകയും ചെയ്തു. അങ്ങനെ അവർ വിവാഹിതയായി.” ഈ വിഷയത്തിൽ വേറെയും ഹദീസുണ്ട്.

**ഇദ്ദ മതപരമാക്കിയതിലെ യുക്തി**

വംശങ്ങൾ പരസ്പരം കലരാതിരിക്കുവാൻവേണ്ടി ഭാര്യ ഗർഭമുക്തയാണെന്നറിയുകയാണ് ഇദ്ദ മതപരമാക്കിയതിലെ പൊരുൾ. മടക്കിയെടുക്കുവാനുതകും വിധമുള്ള റജ്ഇയ്യായ ത്വലാക്വ് നടത്തിയ ഭർത്താവ് ഖേദിക്കുന്ന പക്ഷം അവന് പുനർവിചാരണക്ക് അവസരമേകലും ഗർഭിണിയായിരിക്കെയാണ് വേർപിരിയലെങ്കിൽ ഗർഭത്തിലെ കുഞ്ഞിനുള്ള അവകാശം

സംരക്ഷിക്കപ്പെടലും ഇദ്ദയുടെ പൊരുളുകളിൽ പെട്ടതാണ്.

**ഇദ്ദഃയുടെ ഇനങ്ങൾ**

സ്ത്രീയുടെ ദീക്ഷാകാലം രണ്ടായി വിഭജിക്കപ്പെടും:

1. മരണം കാരണത്താലുള്ള ഇദ്ദ.

2. വിവാഹമോചനത്താലുള്ള ഇദ്ദ.

ഒന്ന്: മരണം കാരണത്താലുള്ള ഇദ്ദ: ഭർത്താവ് മരണപ്പെട്ടതിനാൽ വിധവയായിത്തീരുന്ന സ്ത്രീക്കു നിർബന്ധമായ ഇദ്ദഃയാകുന്നു ഇത്. വിധവ ഗർഭിണിയായിരിക്കുക, ഗർഭിണിയല്ലാതിരിക്കുക എന്നീ രണ്ട് അവസ്ഥയിൽനിന്നും ഇത് മുക്തമല്ല.

അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നതോടെ അവളുടെ ഇദ്ദ അവസാനിക്കും. ഭർതൃ വിയോഗത്തിന്റെ ഒരു മണിക്കൂറിനുശേഷമാണ് പ്രസവമെങ്കിലും ശരി. അല്ലാഹു പറഞ്ഞു:

“ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു” (ക്വുർആൻ 65:4).

നേരത്തെ ഉദ്ധരിച്ച, മിസ്‌വർ ഇബ്നു മഖ്റമ(റ)യുടെ ഹദീസും ഇത് വ്യക്തമാക്കുന്നു.

വിധവ ഗർഭിണിയല്ലെങ്കിൽ അവരുടെ ഇദ്ദ നാലുമാസവും പത്തു ദിവസവുമാകുന്നു. ഭർത്താവോടൊന്നിച്ചു ദാമ്പത്യജീവിതം നയിച്ചാലും ഇല്ലെങ്കിലും വിധവ ഇത്രയും കാലം ഇദ്ദ ആചരിക്കണം. വിശുദ്ധ വചനത്തിന്റെ പൊതു തേട്ടം അറിയിക്കുന്നത് അതാണ്. അല്ലാഹു പറഞ്ഞു:

“നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലുമാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്. എന്നിട്ട് അവരുടെ ആ അവധിയെത്തിയാൽ തങ്ങളുടെ കാര്യത്തിലവർ മര്യാദയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്” (ക്വുർആൻ 2: 234).

ഈ ആയത്തിന്റെ പൊതുവിധിയെ പ്രത്യേകമാക്കുന്ന പ്രമാണം വന്നിട്ടുമില്ല.

**വിവാഹമോചനത്താലുള്ള ഇദ്ദ**

സംഭോഗാനന്തരമുള്ള ഫസ്ഖിനാലോ ത്വലാകിനാലോ ഖുൽഇനാലോ ഭർത്താവിൽനിന്നു വിവാഹമോചിതയായ സ്ത്രീയുടെമേൽ നിർബന്ധമായ ഇദ്ദയാകുന്നു ഇത്. ചില അവസ്ഥകളിൽനിന്ന് ഇത് മുക്തമല്ല:

1. വിവാഹമുക്ത ഗർഭിണിയാവുക.

2. വിവാഹമുക്ത ഗർഭിണിയല്ലാതിരിക്കുക.

3. ചെറുപ്രായക്കാരിയായതിനാൽ ഋതുമതിയാകാത്തവൾ.

4. പ്രയാധിക്യം കാരണത്താൽ ഋതുരക്തം നിലച്ചവൾ.

വിവാഹമുക്ത ഗർഭിണിയാണെങ്കിൽ അവൾ പ്രസവിക്കുന്നതോടെ അവളുടെ ഇദ്ദ അവസാനിക്കും. വിശുദ്ധ വചനത്തിന്റെ പൊതു തേട്ടം അറിയിക്കുന്നത് അതാണ്. അല്ലാഹു പറഞ്ഞു:


“ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു” (ക്വുർആൻ 65:4).

വിവാഹമുക്ത ഗർഭിണിയല്ലെങ്കിൽ അവൾ ഋതുരക്തമുള്ളവരിൽ പെട്ടവരായിരിക്കെ അവളുടെ ഇദ്ദ വിവാഹമോചനശേഷം മൂന്ന് ക്വുർഉകൾ(ശുദ്ധികാലങ്ങൾ) കടന്നുപോകലാണ്. അല്ലാഹു പറഞ്ഞു:

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയും വരെ) കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ തങ്ങളുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ അവർ ഒളിച്ചുവെക്കുവാൻ പാടുള്ളതല്ല” (ക്വുർആൻ 2: 228).

ആരിഫ പുതുനഗരം

# ഗസ്സയുടെ മക്കൾ



അമ്മിഞ്ഞപ്പാലിൻ മധുരം നുകരും മുന്നേ
രക്തത്തിൻ ഗന്ധം രുചിച്ചു.
ഉപ്പാന്റെ നെഞ്ചിൻ ചൂടറിയും മുമ്പ്
സ്ഫോടനച്ചൂരിൽ കരിഞ്ഞമർന്നു.
താരാട്ടു പാട്ടിനായ് കാതോർക്കവേ
കേട്ടത് വെടിയൊച്ചകൾ.
അപ്പൂപ്പൻ താടിയെ കൈവെള്ളയിലാക്കി
കളിക്കേണ്ട പ്രായത്തിലവർ
അപ്പൂപ്പൻ താടിപോലെ അവയവങ്ങളറ്റു പാറി.
ഒളിച്ചും കളിച്ചും മണ്ണുപുരണ്ടും വളരേണ്ട പ്രായത്തിൽ
ഒളിച്ചും മറഞ്ഞും കഴിയുന്നു;
വെടിയുണ്ടയേൽക്കാതിരിക്കാൻ.
കളിപ്പാവകൾക്കായി കരയേണ്ട കാലത്ത്
കാലിവയറ്റിൻ നോവാൽ കരച്ചിലായ്.
പള്ളിക്കൂടത്തിൽ പോകേണ്ട കാലത്ത്
പള്ളിപ്പറമ്പിലന്തിയുറങ്ങാൻ വിധി!

വിവാഹമുക്ത ചെറുപ്രായക്കാരിയായതിനാൽ ഋതുമതിയാകാത്തവളോ പ്രയാധിക്യം കാരണത്താൽ ഋതുരക്തം നിലച്ചവളോ ആണെങ്കിൽ അവളുടെ ഇദ്ദ മോചനശേഷം മൂന്നു മാസങ്ങൾ കടന്നുപോകലോടെ അവസാനിക്കും. അല്ലാഹു പറഞ്ഞു:

“നിങ്ങളുടെ സ്ത്രീകളിൽനിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദയുടെകാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടെതും അങ്ങനെ തന്നെ” (ഖുർആൻ 65:4).

**ലൈംഗികബന്ധത്തിനു മുമ്പ് വിവാഹമോചിതയായവളുടെ വിധി**

ലൈംഗികബന്ധം പുലർത്തുന്നതിനുമുമ്പ് ഭർത്താവ് തന്റെ ഭാര്യയെ ഫസ്ഖിലൂടെയോ ത്വലാകിലൂടെയോ വിവാഹമോചനം നടത്തിയാൽ അവൾക്ക് ഇദ്ദ ആചരിക്കേണ്ട ബാധ്യതയില്ല. അല്ലാഹു പറഞ്ഞു:

“സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് നിങ്ങളവരെ സ്പർശിക്കുന്നതിന് മുമ്പായി അവരെ വിവാഹമോചനം നടത്തുകയും ചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദ ആചരിക്കേണ്ട ബാധ്യത അവർക്കു നിങ്ങളോടില്ല. എന്നാൽ നിങ്ങൾ അവർക്ക് മതാഅ് നൽകുകയും അവരെ ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക” (ഖുർആൻ 33: 49).

പണ്ഡിതന്മാരുടെ ഏകാഭിപ്രായ പ്രകാരം വിശ്വാസിനികളായ ഭാര്യമാരും വേദക്കാരായ ഭാര്യമാരും തമ്മിൽ ഈ വിധിയിൽ വ്യത്യാസമില്ല. വിശ്വാസിനികളെ ഇവിടെ അനുസ്മരിച്ചത് മിക്ക ഭാര്യമാരും അവരാണെന്നതിനാലാണ്.

*(അവസാനിച്ചില്ല)*

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥം)*

റോഷൻ പുനലൂർ
: 8138993821



ലഹരിയിൽ പെട്ടുപോയവരെ ഒറ്റപ്പെടുത്താതെ അതിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. അതിന് സഹായകമായ പല സംവിധാനങ്ങളും ഇന്നുണ്ട്.

# യുവതലമുറയും ലഹരിയും; രക്ഷിതാക്കൾ അറിയേണ്ടത്

ചിന്താശേഷി മനുഷ്യന്റെ പ്രത്യേകതയാണ്. വിശുദ്ധ ഖുർആനിലൂടെ പ്രപഞ്ചപ്രതിഭാസങ്ങളും ദൃഷ്ടാന്തങ്ങളും ചരിത്രസംഭവങ്ങളും വിവരിക്കുന്ന അല്ലാഹു ചിന്തിക്കാനുള്ള നിർദേശവും നൽകുന്നുണ്ട്. ചിന്തകൾ നന്മയുടെയും തിന്മയുടെയും ദിശ കാണിച്ചുതരും. മനുഷ്യനെ ചിന്തിക്കുന്ന ജീവിയാക്കുന്നത് സവിശേഷ ബുദ്ധിയാണ്. സൽബുദ്ധി നന്മയിലേക്കും കുബുദ്ധി തിന്മയിലേക്കും നയിക്കും. ബുദ്ധിവിശേഷം മഹത്തായ ദൈവാനുഗ്രഹമാണ്. മനുഷ്യനെ ഉപജീവനത്തിനും അതിജീവനത്തിനും സ്വയം പ്രാപ്തനാക്കുന്നതും പര്യാപ്തനാക്കുന്നതും ബുദ്ധി തന്നെയാണ്. ബുദ്ധിശക്തി ബാധ്യത കൂടിയാണ്. ബുദ്ധിയുള്ളവർക്കാണല്ലോ ഇസ്‌ലാമിക ശരീഅത്തിൽ വിധിവിലക്കുകൾ ബാധകമായിട്ടുള്ളത്. ദൃശ്യ-ശ്രവണ കഴിവുകളും ചിന്താശേഷിയുമൊക്കെ എങ്ങനെ വിനിയോഗിച്ചുവെന്ന്

താൽക്കാലികമായോ നിത്യമായോ മനഃപൂർവം ബുദ്ധിക്ക് ഭ്രംശം സംഭവിപ്പിക്കുന്നതും ബുദ്ധിയെ സ്തംഭിപ്പിക്കുന്നതും നിഷിദ്ധമാണ്. ബുദ്ധിയെ മരവിപ്പിക്കുന്ന മദ്യവും മറ്റു ലഹരി പദാർഥങ്ങളും ഉപയോഗിക്കൽ അതിൽ പെടും. അവയിൽ ഏറെ അപകടകാരിയാണ് മയക്കുമരുന്നുകൾ. ആഗോള ദുരന്തമാണ് അന്താരാഷ്ട്രവിപണിയിൽ മൂന്നാം സ്ഥാനം കൈയടക്കിയ മയക്കുമരുന്ന്. നൂറ്റി എഴുപതിലധികം രാജ്യങ്ങൾ അതിന്റെ ദുരന്തഫലം അനുഭവിച്ചുക്കൊണ്ടിരിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

പരലോകത്ത് ഓരോരുത്തരും ചോദ്യം ചെയ്യപ്പെടുമെന്ന് വിശുദ്ധ ക്വുർആൻ പറയുന്നുണ്ട്.

“...തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” (17:36). ഇതിലെ ‘ഹൃദയം’ കൊണ്ടുള്ള ഉദ്ദേശ്യം ബുദ്ധിയാണ് എന്നാണ് ഇമാം റാസി(റഹി) തന്റെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ പറയുന്നത് (20/341). മനുഷ്യർ ബുദ്ധിയെ എങ്ങനെ പ്രയോഗിച്ചുവെന്ന് അന്ത്യനാളിൽ ചോദ്യം ചെയ്യപ്പെടുമെന്ന് ഇബ്നു കസീർ(റഹി) തന്റെ തഫ്സീറിൽ വ്യാഖ്യാനിക്കുന്നുണ്ട് (5/75).

താൽക്കാലികമായോ നിത്യമായോ മനഃപൂർവം ബുദ്ധിക്ക് ഭ്രംശം സംഭവിപ്പിക്കുന്നതും ബുദ്ധിയെ സ്തംഭിപ്പിക്കുന്നതും നിഷിദ്ധമാണ്. ബുദ്ധിയെ മരവിപ്പിക്കുന്ന മദ്യവും മറ്റു ലഹരി പദാർഥങ്ങളും ഉപയോഗിക്കൽ അതിൽ പെടും. അവയിൽ ഏറെ അപകടകാരിയാണ് മയക്കുമരുന്നുകൾ. ആഗോള ദുരന്തമാണ് അന്താരാഷ്ട്രവിപണിയിൽ മൂന്നാം സ്ഥാനം കൈയടക്കിയ മയക്കുമരുന്ന്. നൂറ്റി എഴുപതിലധികം രാജ്യങ്ങൾ അതിന്റെ ദുരന്തഫലം അനുഭവിച്ചുക്കൊണ്ടിരിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

സർവ നീചത്വങ്ങളുടെയും ഉറവിടമാണ് ലഹരി വസ്തുക്കൾ. അത് പാനീയമാണെങ്കിലും പുകയാണെങ്കിലും പൊടിയാണെങ്കിലും ശരി ഇസ്‌ലാം നിഷിദ്ധമാക്കിയതാണ്. സത്യവിശ്വാസി അതിനോട് അടുക്കുവാനേ പാടില്ല.

“സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം” (5:90).

ബുദ്ധിയെ മത്തുപിടിപ്പിക്കുന്നതെന്തും ഹറാമാണെന്നാണ് നബി(സ്വ) പഠിപ്പിച്ചത് (ബുഖാരി, മുസ്‌ലിം).

സന്താനങ്ങൾ സ്രഷ്ടാവു നൽകിയ സമ്മാനമാണ്. അതോടൊപ്പം പരീക്ഷണവുമാണ്. അവരെ സംരക്ഷിക്കൽ മാതാപിതാക്കളുടെ ചുമതലയാണ്. മക്കളുടെ കാര്യത്തിൽ മാതാപിതാക്കൾ ദൈവസന്നിധിയിൽ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും. പുരുഷൻ കുടുംബ കാര്യത്തിലും സ്ത്രീ വീട്ടുകാര്യത്തിലും ഉത്തരവാദിത്തമുള്ളവരാണെന്നാണ് നബിവചനം.

കുടുംബാന്തരീക്ഷത്തിലൂടെയാണ് കൊച്ചുമക്കൾ സംസ്കാരവും മര്യാദകളും പഠിച്ചുവളരുന്നത്. ആദ്യ വിദ്യാലയമായ കുടുംബത്തിലൂടെ തന്നെയാണ് മക്കൾ സ്നേഹവും സന്തോഷവും അനുഭവിക്കുന്നത്.

“നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജന

കേന്ദ്ര പുനരധിവാസ കേന്ദ്രത്തിന്റെ (നാഷണൽ റിഹാബിലിറ്റേഷൻ സെന്റർ) കണക്കു പ്രകാരം ലഹരി, മയക്കു മരുന്നുകൾക്ക് അടിമപ്പെട്ട 95 ശതമാനം പേരുടെയും കുടുംബ പശ്ചാത്തലം തീരെ ഉത്തരവാദിത്തപരമല്ല. നാടിനും സമൂഹത്തിനും അഭിമാനകരമാവും വിധം പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും മികവ് കാട്ടി മുന്നേറുന്ന മിടുക്കന്മാർ സുസ്ഥിര കുടുംബത്തിന്റെ ഉൽപന്നങ്ങളാണ്. മക്കളിൽ മതബോധം വളർത്തണം. അതാണ് അവരെ സകല ആസക്തികളിൽനിന്നും ദുശ്ശീലങ്ങളിൽ നിന്നും കാത്തുസംരക്ഷിക്കുന്നത്.

ങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്'' (ക്വുർആൻ 30:21).

ഇങ്ങനെ സമാധാന ജീവിതം ആസ്വദിക്കുന്നവരാണ് ദമ്പതികളെങ്കിൽ മക്കൾക്കും ആ സമാധാനവും സന്തോഷവും അനുഭവിക്കാനാകും. കെട്ടുറപ്പുള്ള സന്തുഷ്ടകുടുംബത്തിൽനിന്ന് മാത്രമെ മക്കൾക്ക് വേണ്ടത്ര പരിഗണനയും പരിരക്ഷയും ലഭിക്കുകയുള്ളൂ.

2019ൽ 'അൽ ഇമാറാത്തുൽ യഔ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേന്ദ്ര പുനരധിവാസ കേന്ദ്രത്തിന്റെ (നാഷണൽ റിഹാബിലിറ്റേഷൻ സെന്റർ) കണക്കു പ്രകാരം ലഹരി, മയക്കു മരുന്നുകൾക്ക് അടിമപ്പെട്ട 95 ശതമാനം പേരുടെയും കുടുംബ പശ്ചാത്തലം തീരെ ഉത്തരവാദിത്തപരമല്ല. നാടിനും സമൂഹത്തിനും അഭിമാനകരമാവും വിധം പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും മികവ് കാട്ടി മുന്നേറുന്ന മിടുക്കന്മാർ സുസ്ഥിര കുടുംബത്തിന്റെ ഉൽപന്നങ്ങളാണ്.

മക്കളിൽ മതബോധം വളർത്തണം. അതാണ് അവരെ സകല ആസക്തികളിൽനിന്നും ദുശ്ശീലങ്ങളിൽ നിന്നും കാത്തു സംരക്ഷിക്കുന്നത്. മാതാപിതാക്കൾ അക്കാര്യത്തിൽ ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ലുക്മാനുൽ ഹകീം(അ) മകന് നൽകിയ ചില സാരോപദേശങ്ങൾ ക്വുർആൻ ഉദ്ധരിക്കുന്നുണ്ട്.

അല്ലാഹുവിന്റെ കഴിവുകൾ വിശദീകരിച്ച്, അവന്റെ നിരീക്ഷണത്തിലും അറിവിലുമല്ലാതെ പ്രപഞ്ചത്തിൽ ഒന്നും സംഭവിക്കുന്നില്ലെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടായിരുന്നു ആ പിതാവിന്റെ ഉപദേശങ്ങൾ.

"എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുകുമണിയുടെ തൂക്കമുള്ളതായിരുന്നാലു എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെത്തന്നെയായാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (31:16).

മക്കളിൽ ചെറുപ്പത്തിൽ ദൈവഭയം ഉണ്ടാക്കിയെടുത്താൽ, അവരുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ ഉപദേശ നിർദേശങ്ങൾ വിവേകത്തോടെ നൽകിയാൽ ഭാവിയിൽ കുടുംബാന്തരീക്ഷം സുരക്ഷിതമാക്കാം. അത്തരത്തിലുള്ള മക്കൾ തെറ്റുകൾ തിരിച്ചറിയുകയും അവയോട് അകലം പാലിക്കുകയും ചെയ്യും. ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ചു നോക്കാമെന്ന ലാഘവ ചിന്തയാണ് പലരെയും ലഹരിക്ക് അടിമയാക്കി മാറ്റുന്നത്.

മാതാപിതാക്കൾ മക്കളുടെ കൂടെ ഇരുന്ന് കൊച്ചുവർത്തമാനം പറയുന്ന, മതപരമായ കാര്യങ്ങൾ സംസാരിക്കുന്ന കാഴ്ച നയനാനന്ദകരമാണ്. പ്രവാചകർ(സ്വ) കുടുംബക്കാരോടൊന്നിച്ച് ഇരുന്ന് സുഖവിവരങ്ങൾ ചോദിച്ചറിയുമായിരുന്നു. അങ്ങനെയുള്ള കുടുംബങ്ങളിലാണ് സ്നേഹവും ബഹുമാനവും വാത്സല്യമെല്ലാം പൂത്തുലയുക.

ഇബ്നു അബ്ബാസ്(റ) പറയുന്നു: "ഒരിക്കൽ ഞാൻ എന്റെ ഉമ്മയുടെ സഹോദരി മൈമൂന(റ)യുടെ വീട്ടിൽ രാപ്പാർത്തിരുന്നു. (നബി(സ്വ)യുടെ പത്നിയാണ് മഹതി). രാത്രി ഒരു മണിക്കൂറോളം കുടുംബത്തോട് സംസാരിച്ചിരുന്ന ശേഷമാണ് നബി(സ്വ) കിടന്നുറങ്ങിയിരുന്നത്" (ബുഖാരി, മുസ്‌ലിം).

പിതാക്കൾ മക്കളോടൊന്നിച്ചു കൂടാൻ സമയം കണ്ടെത്തണം. അവരോട് കൂട്ടുകൂടി കാര്യങ്ങൾ അന്വേഷിക്കുകയും അഭിപ്രായങ്ങൾ ആരായുകയും വേണം. കഥകളും അനുഭവങ്ങളും വിവരിച്ചു കൊടുക്കണം. അവരുടെ സന്തോഷങ്ങളിൽ പങ്കാളിയാവുകയും ആഗ്രഹങ്ങൾ നല്ലതാണെങ്കിൽ, സഫലീകരിച്ചു കൊടുക്കുകയും വേണം. അതിന് സാധ്യമല്ലെങ്കിൽ നയത്തോടെ അത് ബോധ്യപ്പെടുത്തിക്കൊടുക്കണം. പ്രശ്നങ്ങൾക്ക് രമ്യമായും യുക്തിപൂർണമായും പരിഹാരം നിർദേശിക്കുകയും ചെയ്യണം. മക്കളോട് ഇടപെടുമ്പോൾ മയം കാണിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാഹു ഒരു വീട്ടിൽ നന്മയുണ്ടാകാനു ദ്ദേശിച്ചാൽ അവരിൽ മയഭാവം ഉണ്ടാക്കിക്കൊടുക്കുമെന്നാണ് ഹദീസ് (അഹ്മദ്).

ഇത്തരം നടപടികൾ മക്കൾക്കും രക്ഷിതാക്കൾക്കുമിടയിൽ നല്ലൊരു ആശയവിനിമയാന്തരീക്ഷം നിലിർത്തും. അതു കാരണം പരസ്പരം മനസ്സിലാക്കാനും കൂടുതൽ അടുക്കാനുമാവും. വീടുകളിൽ സ്നേഹവും സമാധാനവും കിട്ടാതിരിക്കുമ്പോഴാണ് മക്കൾ അന്യരോട് അടുപ്പം പുലർത്തുന്നതും അങ്ങനെ വഴിതെറ്റിപ്പോകുന്നതും ചൂഷണം ചെയ്യപ്പെടുന്നതും. മനുഷ്യൻ അവന്റെ സുഹൃത്തിന്റെ സഞ്ചാരപഥ പ്രകാരമായിരിക്കും നടപ്പ്, അതിനാൽ ആരോടാണ് കൂട്ടുകൂടുന്നതെന്ന് നോക്കിക്കാണണമെന്നാണ് നബി(സ്വ) അരുൾ ചെയ്തിരിക്കുന്നത് (അബൂദാവൂദ്, തുർമുദി).

രക്ഷിതാക്കൾ മക്കളടെ കൂട്ടുകാർ ആരൊക്കെയെന്ന് നിർബന്ധമായും അറിഞ്ഞിരിക്കണം. നന്മയിലേക്കാനയിക്കുന്ന, തിന്മയുടെ സാധ്യതകൾ ഇല്ലാതാക്കുന്ന അനുയോജ്യനായ സുഹൃത്തിനെ കണ്ടെത്തുന്നതിന് സഹായിക്കണം. ലഹരിക്കടിമപ്പെട്ട 90 ശതമാനം പേരും അതിന്റെ ആദ്യ രുചി നുണയുന്നത് മോശം കൂട്ടുകാരിൽനിന്നാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

മക്കളുടെ വ്യക്തിത്വ രൂപീകരണത്തിൽ മാതാപിതാക്കൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുകയും നൈപുണ്യങ്ങൾ വളർത്തിയെടുക്കുകയും വേണം. അതിനായി എല്ലാവിധ പിന്തുണയും നൽകണം. അവരുടെ ദുർബലതകൾ കണ്ടറിഞ്ഞ് പരിഹരിക്കുകയും ചെയ്യണം. മക്കൾക്ക് നീന്തലും അമ്പെയ്ത്തും കുതിരസവാരിയും പഠിപ്പിക്കണമെന്നാണ് ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ നിർദേശം. നൂതന വിദ്യകളും ഉപകാരപ്രദമായ സാങ്കേതികതകളും മക്കളെ പഠിപ്പിക്കണം. സ്വയം സന്നദ്ധ സേവനത്തിന് പരിശീലിപ്പിക്കുകയും കായികാഭ്യാസം നൽകുകയും ചെയ്യണം.

സ്വന്തത്തിനും കുടുംബത്തിനും നന്മ പഠിപ്പിക്കണമെന്നാണ് അലിയ്യുബ്നു അബൂത്വാലിബ്(റ) ഉപദേശിക്കുന്നത്. ഉപ്പമാർ ചെറുപ്പത്തിൽ തന്നെ മക്കളെ ഉത്തരവാദിത്തബോധമുള്ളവരാക്കണം. മതവിജ്ഞാന സദസ്സുകളിലും ഖുർആൻ പഠനക്ലാസ്സുകളിലും പങ്കെടുപ്പിച്ച് മതത്തിലുള്ള അറിവ് വർധിപ്പിക്കണം. ആരാധനകളിൽ നിഷ്ഠയുള്ളവരാക്കണം. എല്ലാം കാണുന്ന അല്ലാഹു അറിയാതെ ഒന്നും ചെയ്യാൻ സാധ്യമല്ലെന്നും പരലോകത്ത് രക്ഷപ്പെടണമെങ്കിൽ അവന്റെ നിയമനിർദേശങ്ങൾ പിൻപറ്റുകയല്ലാതെ വഴിയില്ലെന്നും ബോധ്യപ്പെടുത്തണം. പുതുതലമുറയെ ലഹരിയുടെയും മറ്റു അധർമങ്ങളുടെയും കരാള ഹസ്തങ്ങളിൽ പെടാതെ സൂക്ഷിക്കാൻ ഇതൊക്കെയാണ് മാർഗങ്ങൾ.

നബി(സ്വ) പറയുന്നു: ‘ബലഹീനനായ വിശ്വാസിയെക്കാൾ ശക്തനായ വിശ്വാസിയാണ് ഉത്തമനും അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളവനും. എല്ലാത്തിലും നന്മയുണ്ട്. നിനക്ക് ഉപകാരപ്രദമായത് ആഗ്രഹിക്കാം. അല്ലാഹുവിനോട് സഹായമർഥിക്കുക. അബലനാവരുത്’ (മുസ്ലിം).

ലഹരിയിൽ പെട്ടുപോയവരെ ഒറ്റപ്പെടുത്താതെ അതിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. അതിന് സഹായകമായ പല സംവിധാനങ്ങളും ഇന്നുണ്ട്.

അബൂബക്കർ കടവത്തൂർ

# രോഗവും രോഗിയും ബന്ധുക്കളും

രോഗാവസ്ഥ ഏവരെയും അസ്വസ്ഥരാക്കുന്ന ഒന്നാണ്. അരോഗ ദൃഢഗാത്രരെന്ന് നാം കരുതിയിരുന്ന ആൾ ഒരു സുപ്രഭാതത്തിൽ ഗുരുതരമായ രോഗം വന്നു കിടപ്പിലാണെന്നറിയുമ്പോൾ രോഗിയും ബന്ധുക്കളും സുഹൃത്തുക്കളും ഏറെ ദുഃഖിതരാകുന്നു. പലരെ സംബന്ധിച്ചും താങ്ങാനാവാത്ത ചികിത്സാ ചെലവ് വലിയൊരു ബാധ്യതയായി മാറുന്നു. ശുശ്രൂഷിക്കാൻ മക്കളോ ബന്ധുക്കളോ ഇല്ലാതെ പ്രയാസപ്പെടുന്ന പല രോഗികളുമുണ്ട്. മാതാപിതാക്കളെ ശുശ്രൂഷിക്കാൻ സന്മനസ്സില്ലാത്ത മക്കൾ വർധിച്ചു വരുന്ന കാലഘട്ടമാണിത്. മാതാപിതാക്കളെ ശുശ്രൂഷിക്കുന്നത്-വിശിഷ്യാ വാർധക്യത്തിൽ- സ്വർഗം നേടാനുള്ള പുണ്യ പ്രവൃത്തിയായി ഇസ്‌ലാം പഠിപ്പിക്കുന്നു.

തിരക്കുപിടിച്ച ജീവിതം നയിച്ചിരുന്ന ആൾക്ക് പെട്ടെന്നൊരു ദിവസം ഒരു പണിയും ചെയ്യാനാവാതെ വീട്ടിലോ ആശുപത്രി കിടക്കയിലോ കിടക്കേണ്ടി വരുന്ന അവസ്ഥ ഏറെ വേദനയുളവാക്കുന്നതാണ്. അയാൾ പലതും ആലോചിച്ചു മാനസികമായി തളർന്നേക്കാം.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറെ ഉപകാരപ്രദമാകുന്ന, അല്ലെങ്കിൽ ഉപയോഗപ്പെടു ത്താവുന്ന ഒരു സന്ദർഭമാണ് രോഗാവസ്ഥ. അല്ലാഹുവിനോട് പ്രാർഥിക്കുവാനും ദുആകളും ദിക്റകളുമായി കഴിയുവാനും കൂടുതൽ സമയം ലഭിക്കുന്ന, ഏറ്റവും അനുയോജ്യമായ ഒരു അവസരം കൂടിയാണത്. ആരോഗ്യം അനുവദിക്കുമെങ്കിൽ ഖുർആൻ പാരായണം ചെയ്യാനും ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കാനും പ്രഭാഷണങ്ങൾ ശ്രവിക്കാനും ഈ അവസരം ഉപയോഗപ്പെടുത്തി അറിവും പുണ്യവും നേടാവുന്നതാണ്. രോഗം വന്നാൽ ക്ഷമിക്കുകയും അല്ലാഹുവിനോട് രോഗശമനത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്യുക വഴി രോഗി കൂടുതൽ പുണ്യം നേടുകയാണ്. രോഗം പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമാകുമെന്നാണ് പ്രവാചക വചനം

**രോഗിയെ സന്ദർശിക്കൽ**

രോഗിയെ സന്ദർശിക്കൽ പുണ്യപ്രവൃത്തിയാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. വിശ്വാസികൾ തമ്മിലുള്ള ബാധ്യതകളിൽ ഒന്നായി നബി(സ്വ) അത് പറഞ്ഞുതന്നിട്ടുണ്ട്. രോഗിയെ സാന്ത്വനപ്പെടുത്താനും അതുവഴി ആശ്വാസം നൽകാനുമാണ് സന്ദർശിക്കുന്നവർ ശ്രദ്ധിക്കേണ്ടത്. ചിലപ്പോൾ രോഗിയെ സന്ദർശിക്കൽ വിപരീതഫലം ഉണ്ടാകാൻ കാരണമായേക്കും ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്ന രോഗിക്ക് അണുബാധയേൽക്കാതിരിക്കാൻ സന്ദർശനം ഒഴിവാക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട് അത്തരം സന്ദർഭങ്ങളിൽ രോഗിയെ കാണാതിരിക്കലാണ് രോഗിക്ക് നല്ലതെന്ന് മനസ്സിലാക്കുക. രോഗിയുടെ അടുത്ത് കൂടുതൽ സമയം ഇരിക്കാതെ രോഗിക്ക് വേണ്ടി പ്രാർഥിക്കുകയും ആശ്വസിപ്പിക്കു കയും ചെയ്യുക എന്നതാണ് ഒരു സന്ദർശകന്റെ ബാധ്യത. മറ്റൊരു രോഗി ഇതുപോലുള്ള രോഗം വന്ന് പെട്ടെന്ന് മരിച്ചുപോയ കഥയും മറ്റും പറഞ്ഞ് രോഗിയെ ഭയപ്പെടുത്തുന്ന രീതിയിൽ സംസാരിക്കാൻ പാടില്ല. 'സാരമില്ല, സുഖമാവും- ഇൻശാ അല്ലാഹ്' എന്ന് പറയാനാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചത്.

അടുത്ത ബന്ധുക്കളുടെയും അടുത്ത സുഹൃത്തുക്കളുടെയും സന്ദർശനം രോഗി ഏറെ ഇഷ്ടപ്പെടുന്നതും രോഗിക്ക് ഏറെ ആശ്വാസം നൽകുന്നതുമാണ്. അതേസമയം അടുത്ത ബന്ധുക്കളോ അടുത്ത സുഹൃത്തുക്കളോ അല്ലാത്തവർ കൂടുതൽ സമയം രോഗിയുടെ അടുത്ത് ഇരിക്കാതിരിക്കലാണ് അഭികാമ്യം. സന്ദർശകർ അനുയോജ്യമായ സമയം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുന്നത് നല്ലതാണ് (രോഗിക്കും രോഗിയുടെ വീട്ടുകാർക്കും അനുയോജ്യമായ സമയം).

ആശുപത്രി സന്ദർശിക്കുന്നതും രോഗികളെ സന്ദർശിക്കുന്നതും നമ്മുടെ ആരോഗ്യത്തെക്കുറിച്ച് ബോധ വാന്മാരാകാനും അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹത്തെ കുറിച്ച് ഓർക്കാനും ഉപകാരപ്പെടും. ■

# സൂറതു അൻകബൂത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 29

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَتِلْكَ الْأَمْثَالُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَا إِلَّا الْعَالِمُونَ ﴿٤٣﴾

43. ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുകയില്ല.

خَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ ۚ إِنَّ فِي ذَٰلِكَ لَآيَةً لِّلْمُؤْمِنِينَ ﴿٤٤﴾

44. ആകാശങ്ങളും ഭൂമിയും മുറപ്രകാരം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും അതിൽ സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ട്.

اتْلُ مَا أُوحِيَ إِلَيْكَ مِنَ الْكِتَابِ وَأَقِمِ الصَّلَاةَ ۖ إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ ۗ وَلَذِكْرُ اللَّهِ أَكْبَرُ ۗ وَاللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾

45. (നബിയേ,) വേദഗ്രന്ഥത്തിൽനിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു.

۞ وَلَا تُجَادِلُوا أَهْلَ الْكِتَابِ إِلَّا بِالَّتِي هِيَ أَحْسَنُ إِلَّا الَّذِينَ ظَلَمُوا مِنْهُمْ ۖ وَقُولُوا آمَنَّا بِالَّذِي أُنزِلَ إِلَيْنَا وَأُنزِلَ إِلَيْكُمْ وَإِلَٰهُنَا وَإِلَٰهُكُمْ وَاحِدٌ وَنَحْنُ لَهُ مُسْلِمُونَ ﴿٤٦﴾

46. വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്-അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: 'ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന് കീഴ്പെട്ടവരുമാകുന്നു.'

43) (ഈ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്) മനുഷ്യരാശിയുടെ നൻമക്കും അവരെ പഠിപ്പിക്കുന്നതിനും വേണ്ടി അവതരിപ്പിച്ച ഉപമകൾ. കാരണം അവ അറിവ് വിശദീകരിക്കാനുള്ള വഴികളാണ്. അത് ആശയപരമായ കാര്യങ്ങളെ സ്പഷ്ടമായ കാര്യങ്ങളുമായി താരതമ്യപ്പെടുത്തി വ്യക്തമാക്കുന്നു. ആ താരതമ്യം കാരണം ഉദ്ദേശിച്ച അർഥം വ്യക്തമാകും. അതിനാൽ ഇതിന്റെ ഗുണം എല്ലാ ജനങ്ങൾക്കും ലഭിക്കുന്നു. (അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുന്നില്ല) എന്നാൽ ഈ ഉപമകളിലെ ആശയം മനസ്സിലാക്കുക എന്ന നിലയ്ക്ക് ആരും അതിനെ കാണുന്നില്ല. (അറിവുള്ളവരല്ലാതെ) അതായത് യഥാർഥ അറിവുള്ള ആളുകൾ; അറിവ് ഹൃദയത്തിൽ എത്തിയിട്ടുള്ളവൻ.

അവൻ നൽകുന്ന ഉപമകൾക്കുള്ള പ്രശംസയാണിത്. അവയെക്കുറിച്ച് ചിന്തിക്കാനും മനസ്സിലാക്കാനും ആളുകളെ പ്രേരിപ്പിക്കുന്നു. ഇത്തരക്കാരാണ് അറിവുള്ളവർ എന്നത് ഇതിന് തെളിവാണ്. അങ്ങനെ മനസ്സിലാക്കാത്തവർ അറിവുള്ളവരല്ല. അതിന്റെ കാരണം, ക്വുർആനിൽ അല്ലാഹു നൽകുന്ന ഉപമകൾ പ്രധാന വിഷയങ്ങളിലും ഉന്നത ലക്ഷ്യങ്ങൾക്കും വേണ്ടിയുമാണ്, ഉദാത്തമായ ആശയങ്ങളിലുമാണ്. അറിവുള്ള ആളുകൾക്ക് മറ്റുള്ളവരെക്കാൾ പ്രാധാന്യം ഉണ്ടെന്നും മനസ്സിലാക്കാം. കാരണം അല്ലാഹു

അവരെ ഇവിടെ പ്രത്യേകം പരാമർശിച്ചു. അവയെക്കുറിച്ച് ചിന്തിക്കാനും അവയുടെ അർഥങ്ങൾ മനസ്സിലാക്കാനും പരമാവധി ശ്രമിക്കാൻ തന്റെ ദാസന്മാരെ അല്ലാഹു പ്രേരിപ്പിക്കുകയും ചെയ്യുന്നു.

വളരെ പ്രാധാന്യമുള്ളതായിട്ടും അതിനെക്കുറിച്ച് ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യാത്തവർ അറിവുള്ളവരല്ലെന്നും ഇവിടെ സൂചനയുണ്ട്. കാരണം ഇത്രമാത്രം സുപ്രധാനമായ വിഷയങ്ങൾ മനസ്സിലാക്കാത്തവർക്ക് മറ്റു കാര്യങ്ങൾ ഏതായാലും മനസ്സിലാകില്ല. അല്ലാഹു പറയുന്ന മിക്ക ഉപമകളും മതത്തിന്റെ അടിസ്ഥാന കാര്യങ്ങളുമായും മറ്റ് സുപ്രധാന കാര്യങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

44) ആകാശങ്ങളെ സൃഷ്ടിച്ചതും അവൻ മാത്രമാണ്. അതായത് ഉയരവും വിശാലതയും സൗന്ദര്യവുമുള്ള ആകാശം. അതിലാണ് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മലക്കുകളുമുള്ളത്. അവൻ ഭൂമിയെയും അതിൽ അടങ്ങിയിരിക്കുന്ന പർവതങ്ങൾ, കടലുകൾ, മരുഭൂമികൾ, മരങ്ങൾ തുടങ്ങിയവയെയുമെല്ലാം സൃഷ്ടിച്ചു. അതെല്ലാം ലക്ഷ്യത്തോടെയാണ് അവൻ സൃഷ്ടിച്ചത്. മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ വെറുതെ സൃഷ്ടിച്ചതല്ല. അവന്റെ കൽപനകളും നിയമങ്ങളും സ്ഥാപിക്കപ്പെടാനും അവന്റെ ദാസന്മാർക്ക് അനുഗ്രഹം പൂർത്തിയാക്കിക്കൊടുക്കാനും അതിലൂടെ അവന്റെ യുക്തിജ്ഞാനം അവർ കാണുന്നു. അത് അവന്റെ ഏകത്വത്തിനും ആരാധ്യതക്കും അവൻ സ്നേഹിക്കപ്പെടേണ്ടവനാണെന്നതിനും ഇലാഹാണെന്നതിനുമുള്ള തെളിവുകൂടിയാണ്

45) ഈ മഹത്തായ ഗ്രന്ഥം പാരായണം ചെയ്യാൻ ഇവിടെ നിർദേശിക്കുന്നു. അത് പാരായണം ചെയ്യണം എന്ന് പറയുന്നതിലൂടെ അർഥമാക്കുന്നത് അതിനെ പിൻപറ്റുക, അത് അനുശാസിക്കുന്ന കാര്യങ്ങൾ അനുസരിക്കുക, അതിന്റെ വിരോധങ്ങൾ ഉപേക്ഷിക്കുക, അതിന്റെ മാർഗദർശനം സ്വീകരിക്കുക, അതിലെ വാക്യങ്ങൾ പാരായണം ചെയ്യുക എന്നിവയാണ്. അതിലെ വാക്കുകൾ ഉദ്ധരിക്കുക എന്നത് ഇവിടെ ഉദ്ദേശിക്കപ്പെടുന്ന കാര്യങ്ങളുടെ ഒരു ഭാഗം മാത്രമാണ്.

വേദഗ്രന്ഥം പാരായണം ചെയ്യുക എന്നതിന്റെ ഉദ്ദേശ്യങ്ങൾ ഇതെല്ലാമാണെങ്കിലും മതത്തിന്റെ മുഴുവനായ സംസ്ഥാപനവും അതിന്റെ ഭാഗമാണ്. അതാണ് അല്ലാഹു പറഞ്ഞത്: (നമസ്കാരം മുറപോലെ നിർവഹിക്കുക) ഗ്രന്ഥപാരായണത്തിൽ നമസ്കാരം ഉൾപ്പെടുന്നുണ്ടെങ്കിലും അതിനെ പ്രത്യേകം എടുത്ത് പറയുന്നു. അത് അതിന്റെ മഹത്ത്വവും പ്രാധാന്യവും കൊണ്ടാണ്. അതിന് മനോഹരമായ ഫലങ്ങളുണ്ട്.

إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ

“തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽനിന്നും തടയുന്നു.”

ഒരാൾ ചെയ്യാൻ ആഗ്രഹിക്കുന്നതും മോശമായതും ഗുരുതരവുമായ തെറ്റുകളാണ് ‘ഫഹ്ശാഅ്.’ മനുഷ്യന്റെ ബുദ്ധിക്കും ശുദ്ധപ്രകൃതിക്കും അംഗീകരിക്കാനാവാത്തതാണ് ‘മുൻകർ.’ നമസ്കാരം ഒരാളെ അശ്ലീലതയിൽനിന്നും തിൻമയിൽനിന്നും അകറ്റി നിർത്താനുള്ള വഴി; അയാൾ നമസ്കരിക്കുമ്പോൾ അതിന്റെ പ്രധാന ഭാഗങ്ങളും വ്യവസ്ഥകളും ഭക്തിയും പാലിക്കണം എന്നതാണ്. ശരിയായ ഭക്തിയോടെ നമസ്കാരം നിർവഹിക്കുമ്പോൾ അത് അവന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും ശുദ്ധീകരിക്കുകയും അവനിൽ വിശ്വാസം വർധിപ്പിക്കുകയും നൻമ ചെയ്യാനുള്ള ആഗ്രഹം ശക്തിപ്പെടുകയും ചെയ്യും. തിൻമക്കുള്ള ആഗ്രഹം കുറയും. പതിവായി നമസ്കരിക്കുകയും ശരിയായ രീതിയിൽ നമസ്കരിക്കുന്നതിൽ കണിശത കാണിക്കുകയും ചെയ്യുമ്പോൾ അനിവാര്യമായും അത് അശ്ലീലതയിൽനിന്നും തിൻമയിൽ നിന്നും അകറ്റിനിർത്തുന്നു. നമസ്കാരത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിൽ ഒന്നാണിത്. നമസ്കാരത്തിന്റെ മറ്റൊരു ലക്ഷ്യം ഇതിനെക്കാളും വലുതാണ്. നമസ്കാരത്തിൽ ഹൃദയത്തിലും വാക്കിലും അല്ലാഹുവിനെ സ്മരിക്കുക എന്നതാണത്.

അല്ലാഹു മനുഷ്യരാശിയെ സൃഷ്ടിച്ചത് അവനെ ആരാധിക്കാൻ വേണ്ടി മാത്രമാണ്. ഒരാൾക്ക് ചെയ്യാൻ കഴിയുന്നതിൽ വെച്ച് ഏറ്റവും മഹത്തായ ആരാധന നമസ്കാരമാണ്. കാരണം അതിൽ എല്ലാ അവയവങ്ങളും ആരാധനയിൽ പങ്കെടുക്കുന്നു. അത് മറ്റ് ആരാധനകളിൽ ഇല്ല.

وَلَذِكْرُ اللَّهِ أَكْبَرُ

“അല്ലാഹുവിനെ ഓർമിക്കുക എന്നത് മഹത്തായ കാര്യം തന്നെയാകുന്നു.”

നമസ്കരിക്കാൻ കൽപിക്കുകയും അതിനെ പുകഴ്ത്തുകയും ചെയ്തപ്പോൾ അല്ലാഹു അറിയിക്കുന്നത് നമസ്കരിക്കാത്ത സമയത്ത് നടത്തുന്ന സ്മരണയാണ് വലുത്, നമസ്കാരത്തിലുള്ള സ്മരണയെക്കാൾ എന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളും പറഞ്ഞത്. ആദ്യത്തെതാണ് കുറച്ചുകൂടി നല്ല വ്യാഖ്യാനം. അതായത്, നമസ്കാരം അതല്ലാതെ നടത്തുന്ന

സ്മരണയെക്കാൾ ഉത്തമമായതാണ്. കാരണം ഏറ്റവും വലിയ സ്മരണയാണല്ലോ നമസ്കാരം. (നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു) നന്മയായാലും തിന്മയായാലും അതിനവൻ പ്രതിഫലം തരും; പൂർണമായ പ്രതിഫലം.

46) വേദക്കാരോട് തർക്കിക്കുന്നതിനെ വിരോധിക്കുകയാണ് അല്ലാഹു ഇവിടെ. പ്രത്യേകിച്ചും ആ തർക്കം ഉൾക്കാഴ്ചയില്ലാതെയും നല്ല രീതിയിൽ അല്ലാതെയും ചെയ്യുമ്പോൾ. നല്ല നിലയ്ക്കല്ലാതെ വേദക്കാരോട് തർക്കിക്കരുത്. നല്ല സ്വഭാവത്തോടെയും സ്ഫുടതയോടെയും മൃദുലമായ വാക്കിലൂടെയും. സത്യത്തിലേക്ക് ക്ഷണിക്കുന്നതും അസത്യത്തെ എതിർക്കുന്നതും അതിന് അനുയോജ്യമായ വഴിയിലൂടെയാകണം. വെറും തർക്കമാകരുത് അതിന്റെ ലക്ഷ്യം. ജയിക്കാനുമാവരുത്. മറിച്ച് സത്യം മനസ്സിലാക്കിക്കൊടുക്കാനും ആളുകൾക്ക് സൻമാർഗം ലഭിക്കാനുമാകണം. (അക്രമം പ്രവർത്തിച്ചവരോടൊഴികെ) വേദക്കാരിൽപെട്ട, തർക്കമാണ് അവന്റെ ഉദ്ദേശ്യമെന്ന് മനസ്സിലായാൽ. അതായത് സത്യം കണ്ടെത്തണമെന്ന് അവന് താൽപര്യമില്ല. കുഴപ്പമുണ്ടാക്കാനും ജയിക്കാനും വേണ്ടി മാത്രമാണ് തർക്കിക്കുന്നതെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കാരണം അതുകൊണ്ട് ഒന്നും നേടാനാവില്ല.

(നിങ്ങൾ അവരോട് പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ആരാധ്യനും നിങ്ങളുടെ ആരാധ്യനും ഒരുവനാകുന്നു) വേദക്കാരുമായുള്ള നിങ്ങളുടെ തർക്കം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാകട്ടെ. അതായത് നിങ്ങൾക്കും അവർക്കും ഇറക്കപ്പെട്ട വേദങ്ങളുടെ അടിസ്ഥാനത്തിലും നിങ്ങളുടെയും അവരുടെയും പ്രവാചകൻമാരിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും; ആരാധ്യൻ ഏകനാണെന്നതിന്റെയും. ദൈവിക വേദഗ്രന്ഥങ്ങളെയോ ഏതെങ്കിലും പ്രവാചകനെയോ വിമർശിക്കുന്ന തരത്തിൽ അവരുമായി നിങ്ങളുടെ തർക്കം രൂപപ്പെടരുത്; അറിവില്ലാത്തവർ തർക്കിക്കുമ്പോൾ ചെയ്യുന്നതു പോലെ. ഇത് അന്യായമാണ്. സംവാദത്തിന്റെ ശരിയായ മര്യാദകൾ പാലിക്കപ്പെടാത്ത രൂപമാണത്. ചെയ്യേണ്ടത് തന്റെ എതിരാളിയുടെ അസത്യവാദങ്ങളെ നിരാകരിക്കുകയും അയാൾ പറയുന്ന സത്യങ്ങളെ അംഗീകരിക്കുകയും ചെയ്യുക എന്നതാണ്. അവൻ സത്യനിഷേധിയാണെങ്കിൽ പോലും അവൻ പറയുന്ന സത്യം തള്ളിക്കളയരുത്.

മാത്രമല്ല ഇത്തരം സംവാദങ്ങൾ വേദക്കാരുമായി നടത്തുമ്പോൾ ക്വുർആനിനെയും അത് കൊണ്ടുവന്ന ദൂതനെയും അംഗീകരിക്കാൻ അവർ നിർബന്ധിതരാകും. കാരണം പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും ഏകോപിക്കുന്ന മതത്തിന്റെ അടിസ്ഥാനങ്ങൾ പറയുമ്പോൾ രണ്ട് വിഭാഗത്തിന്റെയും മനസ്സിൽ സ്ഥാപിതമായ കാര്യങ്ങൾ അവർ വിശ്വസിക്കുന്നു. അതെല്ലാം മുൻ വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും ക്വുർആനും മുഹമ്മദ് നബിയും ഉൾപ്പെടെ എല്ലാവരും വിശദീകരിച്ചതാണ്. എല്ലാ വേദഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിക്കാൻ അവർ നിർബന്ധിതരാകും. ഇത് ഇസ്‌ലാമിന്റെ മാത്രം പ്രത്യേകതയാണ്.

എന്നാൽ ഒരാൾ 'ഒരു പ്രത്യേക ഗ്രന്ഥത്തിൽ പറയുന്നതേ ഞങ്ങൾ വിശ്വസിക്കൂ, അല്ലാത്തതിൽ -അതാവട്ടെ മറ്റേ ഗ്രന്ഥത്തിൽ പറഞ്ഞത് സ്ഥിരീകരിക്കുന്നതാണ്- വിശ്വസിക്കില്ല എന്നു പറയുന്നത് അന്യായവും തെറ്റുമാണ്. ഇത് നിഷേധത്തിലേക്ക് നയിക്കും. തൗറാത്തിൽ വന്ന കാര്യങ്ങൾ പിന്നീട് ക്വുർആനിൽ വന്നത് ഒരാൾ നിരാകരിക്കുന്നുവെങ്കിൽ അവൻ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്ന തൗറാത്തിലും അവൻ യഥാർഥത്തിൽ വിശ്വസിക്കുന്നില്ല.

മാത്രമല്ല ഏതൊരു പ്രവാചകന്റെയും പ്രവാചകത്വത്തെ തെളിയിക്കാൻ കൊണ്ടുവരുന്ന ഏത് വാദങ്ങളും അതിന് സമാനമായതോ അതിനെക്കാൾ ശക്തമായതോ ആയ വാദങ്ങൾകൊണ്ട് മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വം സ്ഥാപിക്കപ്പെട്ടു. കൂടാതെ മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വത്തിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ മറ്റ് പ്രവാചകൻമാരുടെ പ്രവാചകത്വത്തെയും ബാധിക്കും. മറ്റുള്ളവരുടെ കാര്യത്തിൽ അത് നിരർഥകമാണെന്ന് തെളിഞ്ഞാൽ മുഹമ്മദ് നബി(സ്വ)യുടെ കാര്യത്തിൽ അത് കൂടുതൽ നിരർഥകമായിരിക്കും. (ഞങ്ങൾ അവന് കീഴ്പ്പെട്ടവരുമാകുന്നു) ഞങ്ങൾ അവന്റെ കൽപനക്ക് കീഴൊതുങ്ങുകയും വഴങ്ങുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുകയും അവനെ ആരാധ്യനായി സ്വീകരിക്കുകയും ചെയ്യുന്നവർ അവന്റെ ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിക്കുകയും അവന് കീഴ്പ്പെടുകയും അവന്റെ ദൂതൻമാരെ പിന്തുടരുകയും ചെയ്യുന്നവരാണ്. അവർ അനുഗ്രഹിക്കപ്പെട്ടവരാണ്. ഈ വഴിയിൽ നിന്ന് തെറ്റിപ്പോകുന്നവർ നാശത്തിന് വിധേയരാണ്. ■

ഉസ്മാൻ പാലക്കാഴി
: 9656 292 244




ജീവിത പുസ്തകത്തിൽ-
നിന്നനുദിനമോരോ
ഏടുകൾ കൊഴിയുന്നു
കൂട്ടുകാരോർക്കുന്നുവോ?
കഴിഞ്ഞുപോയ ദിനം
തിരിച്ചുവരികില്ല
തിരിച്ചുപിടിക്കുവാൻ
ആർക്കുമേ കഴിയില്ല.
ഇഹലോകത്തിൽ നമു-
ക്കല്ലാഹു വിധിച്ചതാം
അവധിയെന്നു തീരു-
മെന്നറിയില്ലയാരും.
മരിക്കും മുമ്പെ നന്മ-
ചെയ്തെങ്കിലതു ഗുണം
മരിച്ചാൽ പിന്നെ കർമം
ചെയ്യുവാൻ കഴിയില്ല.
അതിനാൽ കൂട്ടുകാരേ,
വിശ്വാസമുറപ്പിക്കൂ
കർമങ്ങൾ നന്നാക്കിടൂ
ധർമത്താൽ ജയം നേടൂ.
അറിവാം മഹാധനം
നേടുവാൻ മടിവേണ്ട
അറിവ് വർധിക്കുവാൻ
തേടണം ഇലാഹോട്.
ദൃശ്യവും അദൃശ്യവും
ഒരുപോലറിയുന്ന
റബ്ബിനെ ഭയപ്പെട്ട്
ഭക്തിയിൽ ജീവിക്കണം.
സ്വർഗമാകട്ടെ ലക്ഷ്യം
നന്മയാകട്ടെ മാർഗം
നന്മതൻ വെൺമയുള്ള
ജീവിതം നയിച്ചിടാം.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi


WISDOM students
This Year it's
Coming to
MANGALURU
Are You Ready?
To The Right Goal
Through The Right Path
29th
WISDOM
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE
2025 OCTOBER 10 11 12
MANGALURU
Wisdom Islamic Students Organisation, Kerala State Committee
CV Complex, PV Swami Road, Calicut-2 +91 8156 812 292

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 20 September 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

# അറിവ് പകരാം, കാവലാകാം

WISDOM
# MADRASA TEACHERS CONFERENCE

**21st** SEP 2025 | SUN
9-4 PM
TOWN HALL | TIRUR

